# e മാഗസിൻ

# സ്പെക്ട്രം

## ജെ ഡി റ്റി ഇസ്ലാം ഹൈസ്കൂൾ

മേരിക്കുന്ന്



# സന്ദേശം



**ഇ. അബ്ദുൽ കബീർ**
**പ്രിൻസിപ്പാൾ**

മനുഷ്യചരിത്രത്തിന്റെ ഓരോ കാലഘട്ടത്തിലുംഅവന്റെ ജീവിതം നിയന്ത്രിച്ച പ്രധാന വസ്തുക്കളുമായി ബന്ധപ്പെടുത്തിആ കാലഘട്ടങ്ങളെ നാം വ്യവഹരിക്കാറുണ്ട്.

ശിലാവസ്തുക്കളെ ജീവിതോപാധിയായി സ്വീകരിച്ച ആദിമ മനുഷ്യ സംസ്കാരം ചരിത്രത്തിൽ ശിലായുഗം എന്നറിയപ്പെടുന്നു.ഇരുമ്പിന്റെ കണ്ടുപിടിത്തത്തോടെ ചരിത്രം ലോഹയുഗത്തിലേക്ക് വഴിമാറി.

തുടർന്ന് സാങ്കേതികവിദ്യയിൽപുരോഗതിയുണ്ടാവുകയുംഅതിന്റെ അവസാന കണ്ണിയായി ഇന്ന് നാം സൈബർ യുഗത്തിൽ എത്തി നിൽക്കുകയും ചെയ്യുന്നു.

ഇൻറർ നെറ്റിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തുന്ന വിവര വിനിമയമാണ് വർത്തമാന ലോകത്തിന്റെ സവിശേഷത. സാങ്കേതിക വിദ്യയിലുണ്ടായ കുതിച്ചു ചാട്ട ത്തിന്റെ ഫലമായി വിവര സാങ്കേതിക വിദ്യയുടെ (INFORMATION TECHNOLOGY)ഉപയോഗം പരകോടിയിലെത്തി നിൽക്കുന്നു.മൊബൈൽ ഫോണും,കമ്പ്യൂട്ടറും സാധാരണക്കാരനു പോലും

ഇന്ന് പ്രാപ്യമാണ്.അവ ഒഴിച്ച് നിർത്തി യുള്ള ജീവിതം മനുഷ്യന്അസാധ്യമാണെന്ന അവസ്ഥ വന്നിരിക്കുന്നു.

ഏതൊരു കാര്യത്തിനും നൻമ , തിൻമ എന്നീ രണ്ട് വശങ്ങളു ള്ള പോലെ സൈബർഉപയോഗത്തിലുംദുരുപയോഗവുംചതിക്കുഴികളുമുണ്ട്.അവയെഗു ണാത്മകമായിഉപയോഗപ്പെടുത്താനുള്ള പരിശ്രമങ്ങളാണ് ഉണ്ടാവേണ്ടത്.

നമ്മുടെ ക്ലാസ് മുറികൾ ഇന്ന് ഇൻഫർമേഷൻ ടെ ക്നോളജിയുടെ സാധ്യതകൾഏറെ പ്രയോജനപ്പെടുത്തുന്നുണ്ട്. ശ്രദ്ധിച്ച് ഉപയോഗിച്ചാൽ ഇത്ര സഹായകമായഒരു വിദ്യാഭ്യാസോപകരണം നമുക്ക് വേറെയില്ല. വിദ്യാർത്ഥികളെവിവരസാങ്കേതികവിദ്യയുടെഅനന്തവിഹായസ്സിലേക്ക്ഗു ണാത്മകമായി ആനയിക്കാനുള്ള സംരംഭമാണ് " ലിറ്റിൽ കൈറ്റ്സ്" . മാറുന്ന കാലത്തിനനുസരിച്ച് ഈ മേഖലയിൽ ഗുണപരമായി മുന്നേറാൻ നമ്മുടെ കുട്ടിക്കൂട്ടത്തിന് കഴിയട്ടെ എന്നാശംസിക്കുന്നു.

വിവര സാങ്കേതികവിദ്യയുടെ ചുവട് പിടിച്ച് ജെഡിറ്റി ഇസ്ലാം ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ്ക്ലബംഗങ്ങൾ അണിയിച്ചൊരുക്കുന്ന "ഇ–മാഗസിന് " ശുഭാശംസകൾ നേരുന്നു.

# സന്ദേശം

## ഇ.അബ്ദുൽ ഗഫൂർ
ഹെഡ്മാസ്റ്റർ




സ്ക്കൂൾ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് പ്രവർത്തനത്തിന്റെ ഭാഗമായി മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷിക്കുന്നു.

ക്ലബ്ബിന്റെ ഈ അദ്ധ്യയന വർഷത്തെ പ്രവർത്തനങ്ങളുടെ രേഖപ്പെടുത്തലും വിദ്യാർത്ഥികളുടേയും അധ്യാപകരുടേയും സർഗ്ഗാത്മക സൃഷ്ടികളും ഇതിനെ സമ്പന്നമാക്കുമെന്ന് പ്രതീക്ഷിക്കുന്നു.

പൊതു വിദ്യാഭ്യാസശാക്തീകരണത്തിന്റെ ഭാഗമായ ഹൈടെക് ക്ലാസ് റൂം പ്രവർത്തനങ്ങൾക്ക് ഇതൊരു മുതൽകൂട്ടാകട്ടെ. ഇതിന് വേണ്ടി പ്രവർത്തിച്ച അധ്യാപകരേയും വിദ്യാർത്ഥികളേയും പ്രത്യേകം അഭിനന്ദിക്കുന്നു.

# എഡിറ്റോറിയൽ ബോർഡ്

| | | |
|---|---|---|
| പ്രിൻസിപ്പാൾ | : | ഇ. അബ്ദുൽ കബീർ |
| ഹെഡ് മാസ്റ്റർ | : | ഇ. അബ്ദുൽ ഗഫൂർ |
| പി ടി എ പ്രസിഡൻറ് | : | അബ്ദുൽ ജബ്ബാർ |
| സ്റ്റാഫ് എഡിറ്റർ | : | ആരിഫ കെ.<br>ഷഫീഖ് എൻ.<br>സഹ്ല സി. |
| സ്റ്റുഡൻറ് എഡിറ്റർ | : | റിയ മെഹ്ത്താബ് |
| അംഗങ്ങൾ | : | ഫിസ എം.എ<br>മിഷൽ<br>ഷാലിക് റഹ്മാൻ<br>മുഹമ്മദ് ഹാഫിസ് |

# സ്റ്റാഫ് എഡിറ്റർ

സങ്കേതിക വിദ്യ അതിന്റെ ഏറ്റവും നൂതനമായ സാധ്യതകളുമായി നമുക്കുമുന്നിൽ എത്തിക്കഴിഞ്ഞി രിക്കുന്നു. ഒരു ദിനം ഉണർന്നെണീക്കുന്നതു മുതൽ അതോടൊപ്പമുള്ള നമ്മുടെ യാത്രയും ആരംഭിക്കുകയായി. ഇതൊരു വലിയ ലോകമാണ്.

ഇ–ലോകമെന്ന് നമുക്കതിനെ വിളിക്കാം.

ഇ–ലോകത്തെ കാഴ്ചകൾ ചിന്തിക്കാവുന്നതിലുമപ്പുറത്തേക്ക് നമ്മെ കൊണ്ടുചെല്ലും.

ഇ–ലോകത്തിന്റെ സൗന്ദര്യം തേടി

ലിറ്റിൽ കൈറ്റ്സ് കൂട്ടായ്മ ഒന്നിച്ചു നടത്തുന്ന യാത്ര.

ഈ യാത്രയിൽ പലയിടത്തും നിങ്ങൾ

കുഞ്ഞു കുഞ്ഞു കല്ലുകളും മുള്ളുകളും കണ്ടേക്കാം. അതെല്ലാം അധികം പരിചിതമല്ലാത്ത വഴികളായതുകൊണ്ടുമാത്രം.

പക്ഷേ യാത്ര ഞങ്ങൾ  തുടരുകതന്നെയാണ്.

പുതിയൊരു ലോകത്തെ അടുത്തറിഞ്ഞുകൊണ്ട് ഈ മാഗസിൻ

**സ് പെ ക് ട്രം**

സ്നേഹപൂർവ്വം സമർപ്പിക്കുന്നു.

# സ്റ്റുഡന്റ് എഡിറ്റർ



വിദ്യാർത്ഥികളിൽ ഐ.ടി. പരിജ്ഞാനം വർദ്ധിപ്പിക്കാൻ വേണ്ടി സ്കൂളുകളിൽ നടപ്പിലാക്കിയിട്ടുള്ള ഒരു പുതിയ പദ്ധതിയാണല്ലോ ലിറ്റിൽ കൈറ്റ്സ് എന്നത്. ഇതിൽ അംഗമാവുക വഴി പുതിയ കുറെ സോഫ്റ്റ്‌വെയറുകൾ പരിചയപ്പെടാനും അതിൽ മികവ് തെളിയിക്കാനും സാധിക്കുന്നു. ഇതിന്റെ ഭാഗമായി കുറെ ക്യാമ്പുകളിൽ പങ്കെടുക്കുവാൻ ഞങ്ങൾക്ക് അവസരം ലഭിച്ചിട്ടുണ്ട്. എല്ലാ അധ്യാപകരിൽ നിന്നും ഞങ്ങൾക്ക് നല്ല പ്രോത്സാഹനം ലഭിക്കുന്നുണ്ട്. മറ്റു കുട്ടികളിൽ നിന്നും വ്യത്യസ്തമായി ക്ലാസിലെ ഹൈ-ടെക് ഉപകരണങ്ങൾ കൈകാര്യം ചെയ്യുവാൻ അധ്യാപകർ ഞങ്ങളെ ചുമതലപ്പെടുത്തുന്നു. മലയാളം ടൈപ്പിങ്ങിലൂടെ ഈ വർഷത്തെ ഡിജിറ്റൽ മാഗസിൻ 'സ്പെക്ട്രം' നിർമ്മിക്കാൻ കഴിഞ്ഞു. ഇത്തരത്തിലുള്ള ഒരു പദ്ധതിയുടെ ഭാഗമാവാൻ കഴിഞ്ഞതിൽ വളരെയധികം സന്തോഷമുണ്ട്. ഇനിയും ഈ മേഖലയിൽ ഉയരങ്ങളിലെത്താൻ സാധിക്കുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

# Inside

## Contents

ശാപമേറ്റ ഭൂമി......10
COMPUTER......12
എന്റെ വിനോദയാത്ര......13
പുസ്തകക്കാഴ്ച......14
അറബിക് ക്ലബ്ബ്......16
നാഷണൽ കേഡറ്റ് കോർപ്സ് എൻ.സി.സി......17
ന്യൂ ജെൻ കളിപ്പാട്ടം......19
ഹൃദയ നൊമ്പരങ്ങൾ......20
ജാലകം......21
നീ എന്നെ മറന്നപ്പോൾ......23
അമലിന്റെ ചുവടുകൾ ഇനി യു.എൻ. അസംബ്ലിയിലേയ്ക്ക്......24
Shades......28
Just a minute , a realisation......36
PEACE......38
FRIENDSHIP......40
Muhammed aflah jaleel......40
MY SIGHT SEARCHES......42
അമ്മക്കായി മാത്രം......44
തിരിച്ചറിവ്......47
മഴനമ്മോട് പറയുന്നത്......48
മിഴിനീർ......49
വെളിച്ചമേ വിദ്യാലയം......50
പ്രകൃതിയേ നീ കരയുന്നുവോ?......51
എന്റെ എൻ.സി.സി അനുഭവങ്ങൾ......53
English Club......55
ഹിന്ദി ക്ലബ്......56
മലയാളം ക്ലബ്......57
ഗണിതശാസ്ത്ര ക്ലബ്......59
പ്രവേശനോൽസവം......60
......60

ജെ.ആർ.സി....61
A NEW CYBER WORLD....63
BOON OR BANE....63
കേരള സ്റ്റേറ്റ് ഭാരത് സ്കൗട്സ് ആൻറ് ഗൈഡ്സ്....66
ഉറുദു ക്ലബ്ബ്....69
Perfect Reward....71
Record Breakers....73
NATURE AND MAN....75
ഐ ടി വിദ്യാഭ്യാസം എന്തിന് ?....77
ക്രയോൺസ് ക്ലബ്....79
SCIENCE CLUB....80
ഓണാഘോഷം....82
സാജിദ് ചോലയുടെ ചിത്രങ്ങൾ....84

# ശാപമേറ്റ ഭൂമി

ആലിയ ഫാത്തിമ.വി
VII ബി



ഭൂമി വിങ്ങി കരയുന്നു
പുഴയും മലയും ഇന്നു
മാനം മുട്ടുന്ന കെട്ടിടങ്ങളായി മാറിയോ ?
എവിടേക്കു പൊയിയസാന്ത്വന കൈകൾ
ക്രൂര കഴുകൻ കണ്ണുകളല്ലാതെ കാണ്മാനില്ല
നന്മതൻ കണികാ ഒരിറ്റുപോലുമില്ലിവിടെ
സ്നേഹത്തിൻ ഒരംശം പോലുമില്ലാതെ
കണ്മുന്നിൽ വച്ച് ചോരയിൽ –
കുളിച്ച പ്രാണനായി കേഴുന്നവന്റെ ചിത്രം–
പകർത്തിനിടയിലുമില്ലേ രക്ഷതൻ കൈകൾ
ശാപമേറ്റൊരീ ഭൂമിയിൽ നിലനിൽക്കുമോ എന്നെന്നേക്കുമായ് ?
"ഓർക്കുക"ഒരു നാൾ നശിക്കും
പലതുമീ ഭൂമിയിൽ
ഒരു നാൾ നശിക്കും
സകലതുമീ ഭൂമിയിൽ

# COMPUTER

ANSHA .V



6A

When I got bored
I can play games on computer
when I want to prepare greetings,
I can make it beautiful on computer,
when I want to see a film
I can see it in big screen

We get many files
there are so many pictures
when we need help, it will help
what a useful
what a helpful computer
always I am thankful to you, computer

# എന്റെ വിനോദയാത്ര

ഫാത്തിമ ഫിദ കെ.എം
5A

എന്റെ ഉമ്മയുടെ കൂടെ നാലാം ക്ലാസിൽ പഠിക്കുമ്പോൾ സ്കൂളിൽ നിന്ന്ടൂർ പോയിരുന്നു.അത് എനിക്ക് മറക്കാൻ കഴിയാത്ത അനുഭവമായിരുന്നു.

എന്റെ സ്കൂളിൽ നിന്ന് ടൂർ പോവാൻ 2 ബസ്സുണ്ടായിരുന്നു. 6.30 ന് ഞങ്ങൾ യാത്ര ആരംഭിച്ചു. പച്ചപ്പ് നി റഞ്ഞ പൂന്തോട്ടങ്ങളും വിചിത്രമായ മറ്റു ചില കാഴ്ച്ചകളുംകണ്ട് ഞങ്ങൾ കണ്ണൂരിലെത്തി. വീണ്ടും സഞ്ചരിച്ച പ്പോൾ ഒരു സ്ഥലത്തെത്തി.അവിടെ നിന്ന് ഞങ്ങൾ ഭക്ഷണം കഴിച്ചു. വീണ്ടും യാത്ര തുടർന്നു. കുറേ സമയം കഴിഞ്ഞ പ്പോൾ സ്നെക് പാർക്കിലെത്തി.

അവിടെ പലനിറത്തിലും,രൂപത്തിലും, വിഷമുള്ളതും ഇല്ലാത്തതുമായ കുറേ അത്ഭുതകരമായ പാമ്പുകളെ കണ്ടു. അവിടെ നിന്ന് യാത്ര തിരിച്ചു. പിന്നെ ഞങ്ങ ൾ വിസ്മയയിലേക്ക് പോയി.

അവിടെസീ സോ, ഊഞ്ഞാൽ അങ്ങനെ പല റൈഡുകളിൽ കയറി ഞങ്ങൾ കളിച്ചു.പിന്നെ സ്വിമ്മിംഗ് പൂളിൽ പോയി കൂട്ടുകാരുമായി കളിച്ചു. അവിടെ നിന്ന് രാത്രിഞങ്ങൾതിരിച്ചു.പിന്നെ വീട്ടിലെത്തി. എനിക്ക് ഈ അനുഭവംവളരെ ഇഷ്ടമായിരുന്നു. മനോഹരമായ ഈ ടൂർ എനിക്ക് ഒരിക്കലും മറക്കാൻ കഴിയില്ല.

# പുസ്തകക്കാഴ്ച

**അശ്വതി എം.എസ്**

മലയാളം അധ്യാപിക




**ബാലൻ വേങ്ങരയുടെ**

**ആസിഡ്ഫ്രെയിംസ്**

**വായനാനുഭവം**

ഒരു മെഷിൻഗൺ കിട്ടിയാൽ ക്ലാസിലെ മുഴുവൻ കുട്ടികളെയും വെടിവെച്ചുകൊല്ലാനുള്ള ദേഷ്യവുമായാണ് ഇല, അമ്പത് നിലകളിൽ ഉയർന്നു നിൽക്കുന്ന ഫ്ളാറ്റ് സമുച്ചയത്തിൽ തന്റെ ഇരുപത്തിയേഴാം നിലയിലെ ഫ്ളാറ്റിന്റെ വാതിൽ തള്ളിത്തുറന്ന് ഇരച്ചു കയറിയത്. ബാൽക്കണിയിൽ പുറംതിരിഞ്ഞ് നിന്ന് കഴുത്ത് തടവുന്ന പീറ്ററിനെ കണ്ടപ്പോൾ അവൾക്ക് ആശ്വാസമായി. വിഷാദഛായയോടെ ഡാഡിയോട് ചേർന്ന് നിന്ന അവൾ, മുട്ടിൽ നിന്ന് വിറയ്ക്കുന്ന ചുണ്ടുകളോടെ വേദപുസ്തകം വായിച്ചു. അവൾക്കിഷ്ടപ്പെട്ട ക്രാബ് കേയ്ക്കും, ചീസ് സ്ട്രോബറി കേയ്ക്കും തൊട്ടുപോലും നോക്കാതെ ബ്ളാങ്കറ്റിട്ട് മൂടിപ്പുതച്ച് ഏങ്ങിക്കരയുകയാണ് ഇല. തന്റെ കൂട്ടുകാർക്കെല്ലാം യുവത്വവും, ചുറുചുറുക്കും, പ്രസരിപ്പും നിറഞ്ഞ ഡാഡിമാർ ഉണ്ട്. തന്റെ ഡാഡി മാത്രം തൊലിയെല്ലാം ചുക്കിച്ചുളിഞ്ഞ്... കൂട്ടുകാരുടെ കളിയാക്കലുകളിൽ ഇല അമർഷം പൂണ്ടു. തന്റെ ഡാഡി നേരത്തെ മരിച്ചു പോവുമോ? മകളുടെ പക്വതയിലുപരി നിഷ്കളങ്കത പൂണ്ട സ്വഭാവം കണ്ട് പീറ്റർ പുഞ്ചിരി തൂകി. പീറ്ററിനും ഇസബെല്ലയ്ക്കും അവരുടെ അമ്പതുകളുടെ അവസാനത്തിലുണ്ടായ മകളാണ് ഇല. ഫെലിക്സ്, ഷാറോൺ എന്നീ മുതിർന്ന ആൺമക്കൾ കൂടി അവർക്കുണ്ട്.

സ്വന്തം കാര്യം നോക്കിപ്പോയവരാണവർ. ഇലയാണ് പീറ്ററുടെ ഏക ആശ്വാസം. കൂട്ടുകാരുടെ കളിയാക്കലുകളുടെ പൊട്ടിത്തെറികളിലേക്ക്, 'ഇലയുടെ ഡാഡി പീറ്ററിന്റെ സുഹൃത്താണ് സ്റ്റീഫൻഹോക്കിങ്ങ്സ്...' എന്ന ബോംബിട്ടത് ഇലയുടെ ആൺ സുഹൃത്ത് നോഹയാണ്. ലോകം മുഴുവൻ ആരാധനയോടും, ബഹുമാനത്തോടും, അത്ഭുതത്തോടും ദർശിക്കുന്ന സ്റ്റീഫൻഹോക്കിങ്ങ്സ് തന്റെ ഡാഡിയുടെ സുഹൃത്തായതെങ്ങനെ എന്ന് ഇലയും അത്ഭുതം പൂണ്ടു. തന്റെ ചോദ്യത്തിന് നിസാരതയാർന്ന പുഞ്ചിരി നൽകി മൗനത്തിലമർന്ന പീറ്ററിന്റെ മറുപടിയിൽ അസ്വസ്ഥത പൂണ്ട ഇല സ്റ്റീഫനിലൂടെ സഞ്ചരിക്കാൻ തുടങ്ങി.

അറിയാതെ... അറിയാതെ ഇല ആ ചിന്തകളിലും തേടലുകളിലും മുഴുകി. സ്റ്റീഫൻഹോക്കിങ്ങ്സ് ഇലയുടെ ശ്വാസമായി മാറി. ഇല എപ്പഴോ സ്റ്റീഫന്റെ പ്രണയിനി ജെയിൻ ആയി മാറുന്ന കാഴ്ച. പിന്നീട് സ്റ്റീഫന്റ പഠനത്തിലും ജീവിതത്തിലും നാം പിന്നീട് പതിക്കുന്നത് 'ആലീസ് ഇൻ വണ്ടർലാന്റിൽ' ആലീസ് പതിക്കുന്ന സ്വപ്നം പോലെയാണ്. അപ്രതീക്ഷിതമായി ഇരുപത്തിയേഴാം നിലയിലെ ഫ്ളാറ്റിൽ പീറ്ററിനെ കാണാൻ ഇരച്ചുകയറുന്ന മാധ്യമപ്പട. സ്റ്റീഫൻഹോക്കിങ്ങ്സ് തന്റെ ജന്മദിനാഘോഷത്തിൽ പീറ്ററിനെ ക്ഷണിച്ചിരിക്കുന്നു.

പീറ്റർ പോലും ഞെട്ടിയിരിക്കുകയാണ്. .

സർവാഢംബരങ്ങളോടും കൂടി പീറ്റർ ലണ്ടനിലേക്ക് യാത്രയാവുകയാണ്. ഒപ്പം അപ്രതീക്ഷിതമായി ഇലയും. പീറ്റർ എന്ന സ്നേഹസമ്പന്നനായ ഡാഡിയെ മാത്രം അറിഞ്ഞിരുന്ന ഇല, പീറ്റർ ഗുസാർഡി എന്ന പ്രശസ്തനായ എഡിറ്ററായിരുന്ന തന്റെ ഡാഡിയെ തിരിച്ചറിയുകയാണ്. പീറ്ററിനോട് ഇപ്പോൾ ഇലയ്ക്കും ഇലയുടെ സുഹൃത്തുക്കൾക്കും ആരാധനയാണ്.

ലോകപ്രശസ്തനായ ഒരു ശാസ്ത്രജ്ഞനെയും അദ്ദേഹത്തിന്റെ കണ്ടുപിടുത്തങ്ങളെയും അയാൾക്ക് ലോകം നൽകിയ ആരാധനയെയും, ബഹുമാനങ്ങളെയും വ്യത്യസ്തമായ ജീവിതത്തെയും, പ്രണയത്തെയും ശ്രീ ബാലൻ വേങ്ങര എന്ന എഴുത്തുകാരൻ ഫിക്ഷൻ ഫ്രെയിം നൽകി പറഞ്ഞു വെയ്ക്കുമ്പോൾ ഒരു ത്രില്ലർ ആയി മാറുകയാണീ നോവൽ. ശാസ്ത്രത്തെ ശാസ്ത്രീയപഠനം മാത്രമായി സമീപിച്ചിട്ടുള്ള നമുക്ക് വേറിട്ട അനുഭവമാണ് ഈ വായന തരുന്നത്.

ഇല അകലെ നിന്ന് സ്റ്റീഫനായി ഗ്ലാഡിയോലസ് പൂക്കൾ സമർപ്പിക്കുന്നു..

# അറബിക് ക്ലബ്ബ്

അറബിക് ക്ലബ്ബ് ഈ വർഷവും വ്യത്യസ്തമായ ഒട്ടേറെ പ്രവർത്തനങ്ങൾ നടത്തി അറബിക് ഓഫീസർ ഐ.എം.ഇ.ഷറഫുദ്ദീൻ ക്ലബ്ബ് ഉദ്ഘാടനം ചെയ്തു.തുടർന്നവിവിധ കലാപരിപാടികളും അരങ്ങേറി.ജൂൺ മാസത്തിൽ വായനാദിനം ആചരിച്ചു വിജയികൾക്ക് സമ്മാനങ്ങൾ നൽകി യു.പി,എച്ച്.എസ് വിഭാഗങ്ങൾക്ക് പോസ്റ്റർ,പദനിർമ്മാണം,തർജ്ജിമ,ഖുർആൻ പാരായണം,ഉപന്യാസം,ക്വിസ് ഇവയിൽ മത്സരങ്ങൾ സംഘടിപ്പിച്ചു. ഉപജില്ല അറബി കലോത്സവത്തിൽ ഓവറോൾ കരസ്ഥമാക്കാൻ സാധിച്ചു. പ്രത്യേകം ചിട്ടപ്പെടുത്തിയ അറബിക് സംഘഗാനം ജില്ലാ തലത്തിൽ മൂന്നാം സ്ഥാനം നേടി. സ്കൂൾ വാർഷികത്തിന് സംഘഗാനം അവതരിപ്പിക്കുകയുണ്ടായി







# NCC



# നാഷണൽ കേഡറ്റ് കോർപ്സ്

## എൻ.സി.സി

ജെ.ഡി.ടി ഇസ്‌ലാം എൻ.സി.സി യൂണിറ്റ് ശ്രദ്ധേയമായ നിരവധി പ്രവർത്തനങ്ങളിലൂടെ ഏവരുടെയും പ്രശംസ പിടിച്ചുപറ്റി.പഠനാനുബന്ധ പ്രവർത്തനങ്ങൾ സാമൂഹ്യസേവനത്തിനുതകുന്ന രീതിയിൽ സമന്വയിപ്പിച്ചു കൊണ്ടാണ് പ്രവർത്തനങ്ങൾ സംഘടിപ്പിച്ചത്.സ്വച്ഛതാ ഹി സേവയുടെ ഭാഗമായി കോഴിക്കോട് മാനാഞ്ചിറ വൃത്തിയാക്കി.കേഡറ്റുകൾ റാലി നടത്തി.എൻ.സി.സി.ദിനാചരണത്തോടനുബന്ധിച്ച് 'കർമ്മ' എന്ന പേരിൽ

എൻ.സി.സി.കേഡറ്റുകളുടെ വിവിധ കലാപ്രകടനങ്ങൾ അരങ്ങേറി. പരിപാടിയുടെ ഉദ്ഘാടനം ജെ.ഡി.ടി.ഇസ്ലാം പ്രസിഡണ്ട് സി.പി.കുഞ്ഞുമുഹമ്മദ് സർ നിർവഹിച്ചു.എം.വി.ഐ.ഷൈജൽ സർ ട്രാഫിക് ബോധവൽക്കരണ ക്ലാസെടുത്ത ു.കേരള സർക്കാർ സാമൂഹ്യനീതി വകുപ്പിൻെറ ജില്ലയിലെ ഏറ്റവും നല്ല എൻ.സി.സി.യ്കുള്ള സഹചാരി അവാർഡ് ജില്ലാ പനഞ്ചായത്ത് പ്രസിഡൻറ് ശ്രീ. ബാബു പറശ്ശേരിയിൽ നിന്ന് ഏറ്റുവാങ്ങി.ശിശുദിനാഘോഷം ചെറുവറ്റ അംഗനവാടിയിലെ കുട്ടികൾക്കൊപ്പം ആഘോഷിച്ചു.ശുചിത്വ വാരാഘോഷത്തോടനു ബന്ധിച്ച് ജെ.ഡി.ടി. പരിസരം ,മെഡിക്കൽ കോളേജ് പരിസരം എന്നിവ വൃത്തിയാക്കി.

ഭിന്നശേഷി ദിനത്തിൽ സാമൂഹ്യ നീതി വകുപ്പിൻെറ കീഴിൽ കോഴക്കോട് നടത്തിയ പ്രോഗ്രാമിൽ എൻ.സി.സി.കേഡറ്റുകൾ പങ്കെടുത്തു. മന്ത്രി ശ്രീ.കെ.ടി ജലീലിന് ഗാർഡ് ഓഫ് ഓണർ നൽകി.

# ന്യൂ ജെൻ കളിപ്പാട്ടം

മുഹമ്മദ് സൈം
6A



കരയുന്നു അവൻ, കളിപ്പാട്ടത്തിനായി
ഒരു ഭ്രാന്തനെപ്പോലെ
കിലുക്കാം പെട്ടിയല്ല ഓലപ്പീപ്പിയല്ല
അവന് വേണ്ടത്
പകരം ഒരു സ്മാർട്ട് ഫോൺ മാത്രം
കളിച്ചു തിമർത്ത് പൂമ്പാറ്റകളെ –
പിടിച്ച് നടന്നതും ഒരു കാലം
ഇന്നിതാ ഒരു മൂലയിൽ
വിരലുകൾ മാത്രം അനങ്ങുന്നു.

# ഹൃദയ നൊമ്പരങ്ങൾ

അൽഫിദ പി.എസ്
9 G

പ്രാണസഖി ... പ്രിയേ.... നീ മറഞ്ഞുവോ
എൻനെഞ്ചിലെ മോഹപ്പൂക്കൾ വിരിയിച്ച്
എൻ  ഹൃദയകവാടം തുറന്ന
എൻ ചാരനിന്ന നീ എൻ പ്രാണനായി
എന്നുമെൻ മോഹദീപങ്ങൾ തെളിയിച്ച്

മറച്ചുവെച്ചുഞാൻ ഹൃദയം
കാതോർത്തിരുന്നു നിൻ സ്വരം കേൾക്കാൻ
കണ്ണുകൾ തേടിയലഞ്ഞു നിന്നെ
ഒരുനോക്കു കാണാൻ...
പ്രാണനായി... പ്രിയതമേ... നീ മറന്നുവോ
എൻ നെഞ്ചിലെ ൊനാമ്പരം നീറും കനലെരിയുമ്പോൾ
നിൻ സ്വരമെഴുതിയ ഗാനങ്ങൾ
എൻ ഹൃദയം തൊട്ടനാൾ
ഞാൻ ഇന്നുമോർക്കുന്നു ആ പ്രിയരാഗങ്ങൾ

പറന്നകന്നു നീ എന്നിൽനിന്നും
കാണാമറയങ്ങൾ പിടിച്ചടക്കി നീ...
ആ നാളുകൾ ഇന്നോർമയായ്, കണ്ണീർ
നീർച്ചാലും വാക്കിൽ നൊമ്പരവുമായി.

# ജാലകം

മുഹമ്മദ് ഹാഫിസ്
9G



എവിടെയും അവൾ തനിച്ചാണ്
ഞൊറിഞ്ഞുടുത്ത വസന്തം
മുരുക്കിൻ മുള്ളുകൾപോലെ
അവളെ മുറിവേൽപിച്ചു

ഋതുക്കൾ മാറി
വർഷവസന്തം പെയ്തു
നെറുകയിൽ സൂര്യജീവിതം പേറി
സ്നിഗ്ധമായി മിഴിതുറന്നു മുല്ലപ്പൂക്കൾ
അവളുടെ വാർമുടിയിഴകൾക്ക് ഭംഗിനൽകിയില്ല

ചാന്തും കുറിക്കൂട്ടും

നെറ്റിത്തടത്തിൽ എരിഞ്ഞുനീറുന്ന
ചുട്ടുപഴുത്ത മരുഭൂമിയിൽ
സ്നേഹത്തിൻറ കണ്ണീർപെയ്ത്തിനുവേണ്ടി
അലച്ചിൽ
ഉന്മാദനിമിഷങ്ങളിലും
വിരസമായ ഏകാന്തതയിലും തളരാത്ത
ഈ ഉറച്ച സ്വരമഴയിൽ
മാറ്റൊലി കൊണ്ടില്ല

വർണശബളമായ ഹൃദയത്തിൽനിന്ന്
അവസാനത്തെ രക്തത്തുള്ളിയും ഒപ്പിയെടുത്ത
ഉഗ്രദ്രംഷ്ടകൾക്കും അവളുടെ പ്രണയം
തെളിഞ്ഞുവന്നില്ല.

പെയ്തുതോർന്ന മഴയിൽ
ഉയർന്നുപൊന്തിയ മണ്ണിൻ ഗന്ധവും
തളിരിട്ടുനിൽക്കുന്ന നാരകപ്പൂക്കളും
ചിറകിട്ടടിക്കുന്ന കൃഷ്ണപ്പരുന്തുമല്ലാതെ
നനുത്ത കണ്ണിൽ നിന്നുതിരുന്ന
കണങ്ങൾ തേടി
തിളങ്ങുന്ന കണ്ണുകളും
നിസ്വാർഥമായ വാക്കുമി
മലർക്കെ തുറന്നിട്ട ജാലകത്തിലൂടെ
വന്നെത്തേണ്ടിയിരുന്ന കാറ്റ്
മനസ്സിൻറ ഇടുങ്ങിയ ചക്രവാളത്തിൽ
എന്നോ കെട്ടടങ്ങിത്തീർന്നിരിക്കുന്നു

# നീ എന്നെ മറന്നപ്പോൾ

അയിഷ റഹ്ഷ
10 ഡി

വെള്ളിനൂൽ പോൻ ഞാൻ മന്ദമാരുതനായി
നിന്നെ തലോടിയപ്പോൾ പുതച്ചുമൂടി നീ കിടന്നുറങ്ങി
ദാഹജലം തന്ന എന്നെ നീ മറന്നു
എങ്കിലും ഞാൻ നിന്നോട് ക്ഷമിച്ചു
എൻ തോഴിയുടെ വേരുകൾ നീ അറുത്തുമാറ്റി
എങ്കിലും ഞാൻ നിന്നോട് ക്ഷമിച്ചു.
വീടിൻറ അങ്കണതിൽ കോൺക്രീറ്റ്കൊണ്ട് വരച്ചു നീ
എന്നെ മണ്ണിലേക്കലിയാൻ അനുവദിച്ചില്ല
ചെറിയൊരു കട്ടുംപിടുത്തം കാണിച്ചപ്പോൾ
എന്നെ നീ മനസ്സിലാക്കി
എങ്കിലും ഞാൻ നിന്നോട് ക്ഷമിച്ചു.
ജാതിയെന്നും മതമെന്നും പേരുള്ള മതിലുകൾ
നിൻ ഹൃദയത്തിൽ സ്ഥാനമെടുത്തപ്പോൾ
പിന്നെയും നീ എന്നെ മറന്നു
നാടെങ്ങും അക്രമം അലങ്കാരമാക്കി നീ
എനിക്ക കണ്ണടക്കാൻ കഴിഞ്ഞില്ല
കാലം തെറ്റി ഞാൻഎത്തിയപ്പോൾ
മതിലുകളിടിഞ്ഞു, അശാന്തമായ് ശാന്തതയിൽ
ഓർത്തുപോയ് പലതും നീ മനുഷ്യാ...

# അമലിന്റെ ചുവടുകൾ

# ഇനി യു.എൻ. അസംബ്ലിയിലേയ്ക്ക്




**സെറിബ്രൽ പാൾസി രോഗബാധിതനായി പിറന്ന് വീണ കുട്ടിയാണ്**

**അമൽ ഇഖ്ബാൽ**

മലപ്പുറം ജില്ലയിലെ പുളിക്കൽ എന്ന പ്രദേശത്ത് ഇഖ്ബാൽ– ഫെമിന ദമ്പതികളുടെ മകനായി 2004 ലാണ് ജനനം. കോഴിക്കോട് ജെ.ഡി.റ്റി ഇസ്ലാം ഹയർ സെക്കന്ററി സ്കൂളിലെ എട്ടാം തരം വിദ്യാർത്ഥിയാണ്. സ്ഥിരമായ ആശുപത്രി വാസങ്ങൾക്കും ചികിൽസയ്ക്കും ഇടയിലും തന്റെ മനസ്സിന്റെ നിശ്ചയ ദാർഢ്യത്തിൽ ഒരു പാട് അക്കാദമിക നേട്ടങ്ങൾ ഉണ്ടാക്കാൻ അമലിന് ഇതിനോടകം കഴിഞ്ഞിട്ടുണ്ട്.

ഒന്നാം ക്ലാസിൽ പഠിക്കുമ്പോൾ തന്നെ നിരവധി ക്വിസ് മൽസരങ്ങളിൽ പ്രഥമ സ്ഥാനീയനാവുകയും ജില്ല – ഉപജില്ല മൽസര വേദികളിലെ സ്ഥിര സാന്നിദ്ധ്യ മാവുകയും നിരവധി തവണ കിരീടം ചൂടുകയും ചെയ്തിട്ടുണ്ട്. പൊതു വിദ്യാലയങ്ങളിൽ പഠിച്ച് അവിടെയുള്ള പ്രതിഭകളായ മൽസരാർ ത്ഥികളുമായി അങ്കം വെട്ടിയാണ് അമൽ ഈ നേട്ടങ്ങളെല്ലാം കൈവരിച്ചത് എന്നത് ശ്രദ്ധേയമാണ്. സെറിബ്രൽ പാൾസിയെന്ന അസുഖം മൂലം ചുരുണ്ട് പോവേണ്ടിയിരുന്ന അമലിന് ഉണ്ടായ ശാരീരിക മാറ്റങ്ങൾ നിരവധിയാണ് .ചുറ്റിപ്പി ണഞ്ഞ് കിടന്നിരുന്ന അവന്റെ കൈകാ ലുകൾ നിവർന്ന് ഒരു walker സഹായത്തോടെയെങ്കി ലും ന മുക്കി ടയിൽ നടക്കാൻ അവനെ പ്രാപ്തനാക്കിയതിന് പിന്നിൽ ഒരു പാട് ത്യാഗത്തിന്റെ കഥ പറയാനുണ്ട്. സംസ്ഥാന ശാസ്ത്രമേളയിൽ A ഗ്രേഡോഡെയുള്ള വിജയം.വളരെ പ്രയാസപ്പെട്ടാണെങ്കിലും ആധുനിക വൈദ്യശാസ്ത്രത്തിന്റെ സഹായത്തോടെ അമൽ തന്റെ അപൂർവമായ ഈ അവസ്ഥയിൽ നിന്നും അതിജീവനത്തിന്റെ പാതയിലാണ്.കോഴിക്കോട് വച്ച് നടന്ന E. Ahammed Model UN Parliament ൽ ഏഴാം ക്ലാസുകാരനായ അമൽ ഇഖ്ബാൽ ,ഹൈസ്കൂൾ ഹയർ സെക്കന്ററി വിദ്യാർത്ഥികളെ കവച്ച് വച്ച്Outstanding diplomacy award നേടുകയുണ്ടായി.

"ശാരീരിക വെല്ലുവിളി നേരിടുന്ന ഒരു കുട്ടിയോട് തോന്നിയ സഹതാപമല്ല, മറിച്ച് അവനിലെ പ്രതിഭയെയാണ് ഞങ്ങൾ ഉന്നതതല മൽസരത്തിനായി തെരഞ്ഞെടുത്തത് " എന്ന് ജൂറി ചെയർമാൻ ഭാഷണത്തിൽ എടുത്ത് പറഞ്ഞത് ശ്രദ്ധേയമാണ്.അംഗീകാരങ്ങളുടെ നിറവിലും ഔദാര്യങ്ങൾക്ക് കാത്ത് നിൽക്കാതെ മൽസര വേദികളിലും ,ചർച്ചാ സംഗമങ്ങ ളിലും മുടിചൂടാമന്നനായി അരങ്ങ് വാണ അമൽ ഡിസംബർ അഞ്ചാം തിയ്യതി മുതൽ മസ്കറ്റിൽ വച്ച് നടന്ന മോഡൽ ഐക്യ രാഷ്ട്ര സഭ പാർലമെന്റിൽ മൽസരിച്ചു. അമലിന്റെ മാതാപിതാക്കളും അധ്യാപകരും നൽകിയ പിന്തുണയാണ് ഇതിന് പിന്നിൽ.

അതെ, സെറിബ്രൽ പാൾസിയുമായി പിറന്ന് വീഴുന്നവർക്കും ,സമാന വെല്ല് വിളികൾ നേരിടുന്ന വർക്കും ഒരു Amal inspires എന്ന You tube ചാനൽ കോഴിക്കോട് കടപ്പുറത്ത് തടിച്ച് കൂടിയ ആയിരങ്ങളെ സാക്ഷിനിർത്തി Launch ചെയ്യപ്പെട്ടു.





AMAL


വൻകരകൾ കീഴടക്കി അമൽ
മസ്കറ്റിൽവച്ച് നടന്ന ഇ. അഹമ്മദ് സാഹിബ്
''മോഡൽ യുഎൻ അസംബ്ലി''യിൽ പങ്കെടുത്ത്
OUT STANDING DIPLOMACY
അവാർഡ് കരസ്ഥമാക്കിയ



















ഇതാ പുതിയ ഒരു വാർത്ത .അമൽ ഐക്യരാഷ്ട്ര സഭയുടെ ഒറിജിനൽ അസംബ്ലിയിൽ പങ്കെടുക്കാൻ പോവുന്നു.ജെ.ഡി.റ്റി മാനേജ്മെന്റ് പ്രത്യേകം താൽപര്യമെടുത്ത്,അമലിനെ യു.എൻ.യൂത്ത് അസംബ്ലിയിൽ പങ്കെടുപ്പിക്കാനുള്ള കരുക്കൾ നീക്കി ക്കഴി ഞ്ഞു.ജെ.ഡി.റ്റി. ഇസ്ലാം അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ഹമീദ് സാറാണ് ചരിത്രപ്രസിദ്ധാമാവാൻ പോവുന്ന ഈയൊരു യാത്രയ്ക്കുള്ള ചുക്കാൻ പിടിക്കുന്നത്.

ഇവിടെ അമൽ പ്രചോദനമാവുന്നത് ( inspires)............ തനിക്ക് വേണ്ടിയല്ല..........അടുത്ത തലമുറക്ക് വേണ്ടി........... രോഗബാധിതരുടെ പകച്ച് നിൽക്കുന്ന മാതാപിതാക്കൾക്ക് കൈതാങ്ങായി......... ജീവിച്ച് കാണിച്ച് കൊടുത്ത്,ഇങ്ങനെ മാറ്റിയെടുക്കാം, നിങ്ങളുടെ കുഞ്ഞിനേയും; ഇങ്ങനെ മാറ്റിയെടുക്കാം, ഉയർത്തിക്കൊണ്ട് വരാം എന്ന് പ്രതീക്ഷ നൽകുന്ന ഒരു പ്രതിഭയും പ്രതിഭാസവുമായി പ്രതിഭാ നിർഭരരുടെ ഒരു സംഘബലത്തോടെ മാസ്റ്റർ അമൽ ഇവിടെ ചരിത്രം രചിക്കാനൊരുങ്ങുകയാണ്.

**അദീബ് സി**

മാത്സ് ടീച്ചർ

# Shades

PRANAM PRAKASH
6A





LAYANA FATHIMA
8E

MINHA MARIYAM.H
6B







AYISHA JIDHA
6B



AMRITHA
7F



MUHAMMED RASAL.K
5B


AMRITHA.P
7F

RANIYA FATHIMA KT
6B



# Just a minute , a realisation

**SAMSABEEGUM PK**
ENGLISH TEACHER



Man has a tenure for his stay on earth in this short span of life we blame ourselves our stars our signs nay our birth dates when things go contrary to our hopes and feeling when the sad end comes when death lays its icy fingers on every one irrespective of their caste and creed the moment you are born until your death you encounter with trails and troubles .

The only way overcome with this is to smile brave them and derive inspiration from the outrage . Even when everything goes dead or wrong a wise man will not get demoralised and for such a person the strength of cheerfulness and its power of endurance will help to sarmount all problems hope in happiness and strength when you are faced with troubles. Even a succession sorrow will vanish when men of wisdom face them with courage.

This is more easily said because in the midst of deluge or grief a man can never remain uneffected it said that the rare trait of maintaining absolute composure even in the wake of the worst calamity should be cultivated instead of the following it to submerge as it is. But a fact born in to this world and have to die . Man has no options but to face the problems and realise that they are inevitable what ever may be the status of a person he has to go through trials though they may be simple or complex .

A poor man may be unhappy that he is denied a morsel of food . Here the wealthy should pay his gratitude to god that he has been blessed from such a to toil . Uneffected by the ups and downs of life develop immunity obstacles will melt be happy with what you have make others happy always be helpful to others thrustful to all cheer up all live in the heart of many , live to the last minute heartily enjoy the pleasures endure might . Never be thrilled to taste rind of the fruit but peel it and taste you will see the nectar of life; blame not others ;see the good in others appreciate, encourage ,forget not to 'love' each and every human component you are sure to be happy go man in this world.

# PEACE

**Aboobacker Melethil**
Maths Teacher




Who is the king of peace

If I know,

I will fall infront of him

with a begging hand

to get a piece of peace!

I enquired everywhere
in all the kith and corner
upto where I can go
But I couldn't find anywhere
Any single sign of this one!

Finally I found out
It may be that getting out
from solving of a problem in our life
But I got dissatisfaction
without getting a perfect answer.

still I continue my search that
where from I will get more

# FRIENDSHIP

**Muhammed aflah jaleel**



The key to happiness
The key to my life...........
The doors of tears
Changes to happiness
When I turned to meet them

The heavens of life

The cover of secret
The sounds of my chatter box
The life of my love

The sett of naughty play
But, one who hurts
Everyone starts cry inside
The power of friendship
is the real power of
my life

“whenever I look sad I look to mirror
I can’t see myself
But, instead
my friends are there who makes me
always happy like a coloured rainbow”

# MY SIGHT SEARCHES

**Aysha jaza BM**
8F



The shining gay of blooming sky
Had made a visit in my sight
The endless seen of salty ocean
Had prized me some relaxation
in my sight

Morning, afternoon, evening and night
Had taken a part in my daily sight
The vibrating motions of busy overs,

Had made me awesome in my sight

But...........................

my sight searches,

The one which is equal

And had no separations

Between rich and poor

My sight searches,

which includes both the feelings,

sad and glad

And which helps to realize,

The sparkling power of sad

which gave way to succeed,

in the running life

My sight says,

A willingness in people's heart

To share a bit of love and care,

from their goodness

My sight searches.

The precious thing

which is not expensive,

in all the possible ways

And which gifts the unity

in people's heart.

And that was,

The only LOVE

# അമ്മക്കായി മാത്രം

ഫാത്തിമ ഫിദ എ.എഫ്.
10 ഡി.



ഈ കഥ നിനക്കു ഞാൻ സമർപ്പിക്കുന്നു മർത്ത്യാ
ഈ കഥ നിനക്കായ് മാത്രം സമർപ്പിക്കുന്നു
നിനക്കായ് നിലകൊണ്ട
എൻ തോഴിയുടേതാണീ കഥ
പ്രവാസിയായിരുന്നു ഞാനവൾക്ക്
ദാഹമകറ്റും തോഴനായിരുന്നു ഞാൻ
ഞാൻ വരാൻ വൈകുന്തോറു
മവളുടെ ദാഹമതിൻ മൂർച്ഛയലെത്തി

എനിക്കായവൾ ദാഹിച്ചു ദാഹിച്ചു വരണ്ടു
ഒരു ഒത്തുചേരലിനായി ഞങ്ങളിരുവരുമാശിച്ചു

അവൾക്കടുത്തേക്ക് വരാൻ മനസ്സില്ലാത്തതിനാലല്ല
വരാൻ കഴിയാത്തതിനാലാണ്.
നിങ്ങൾ മനുഷ്യരെൻ മിത്രമാം മരങ്ങളെ കൊന്നുവല്ലോ,
പിന്നെങ്ങനെ ഞാനെൻ തോഴിക്കരികിലെത്തും?
അവളെന്നോട് പിണങ്ങിയോ എന്തോ
എൻ നിസ്സഹായതയവളെ അറിയിക്കാനോ
എൻ തോഴിയെ രക്ഷിക്കാനോ എനിക്കായില്ല
അല്ല നിങ്ങളതിനു സമ്മതിച്ചില്ല.

എൻ തോഴിയെ നോക്കി കത്തിജ്വലിച്ച
സൂര്യനോടുഞാൻ കേണപേക്ഷിച്ചു;
എൻ തോഴിയെ വെറുതെവിടാൻ
പക്ഷേ, അവനെന്നെപ്പോലെയല്ലായിരുന്നു
അവൻ നിൻ ദുർനടപ്പിൻ അന്ത്യത്തിനായ്
നിന്നെയൊരു പാഠം പഠിപ്പിക്കാൻ തീരുമാനിച്ചു
എന്നെയുമതിനായവൻ വിളിച്ചു
ദുഃഖത്തോടെയെങ്കിലും എൻ തോഴിക്കായ്
ഞാനതിനു തുനിഞ്ഞു;
പാലുകൊടുക്കും കൈയെ കൊത്തുന്ന
മർത്ത്യനെ പാഠംപഠിപ്പിക്കാൻ.
അപ്പഴും ദാഹിച്ചു ദാഹിച്ചു വരണ്ടുണ-
ങ്ങിയെൻ തോഴിയെ നിസ്സഹായനായ്
ഞാൻ നോക്കിനിന്നു

ഏറെ മനംനൊന്തെങ്കിലും നൃനർമദം

ഞങ്ങൾ മർത്യനെതിരെ ബ്രഹ്മാസ്ത്രമാക്കി

സൂര്യൻ ജ്വലിച്ചു, ഞാൻ പൊഴിച്ചു

തോഴിയുടെ പരിതാപമുഖം കണ്ടെന്റെ

കോപമിരട്ടിച്ചു; ഞാൻ പോലുമറിയാതെ

യെന്നുള്ളിലെയരിശം പേമാരിയായ് പുറത്തുവന്നു;

വെള്ളമില്ലകതെ വലഞ്ഞ പാരിൽ വെള്ളം മാത്രം ബാക്കിയായി.

അച്ഛനേം ബാപ്പയേം ചൊല്ലി

കുടിലിനേം മാളികയേം ചൊല്ലി

തമ്മിലടിച്ച മർത്യൻ, അതിനെയെല്ലാം വെടിഞ്ഞ്

തോളോട് തോൾ ചേർന്നനേരം

അവൾ ഭൂമി, എൻ തോഴി, എന്നോടൊ-

ന്നടങ്ങാൻ കേണു പറഞ്ഞു;

തൻ മക്കൾക്കതു താങ്ങാനാവില്ലപോലും.

കഷ്ടപ്പെടുത്തിയോരേം രക്ഷിക്കുന്ന എൻ

തോഴിയെ വണങ്ങിക്കൊണ്ടു ഞാനെൻ പത്തിമടക്കി.

മർത്ത്യാ ഇതു നിനക്കുവേണ്ടിയല്ല, ഇതു നിനക്കായല്ല

ഇതു നിൻ അമ്മയാം എൻ തോഴിയാം

ഭൂമിക്കായി മാത്രം, ആ അമ്മയ്ക്കായ് മാത്രം.

# തിരിച്ചറിവ്

റഷ ഫാത്തിമ
ഏഴ് ബി.

പരമോന്നതൻ അവൻ പരമോന്നതൻ
അഖിലാണ്ഡ മണ്ഡലപൂർണാവവൻ
ആദ്യസ്പർശം തിരിച്ചറിവിൻെറതായ്...
പിന്നോരോ തുടിപ്പിലും മന്ദഹാസം
നൽകിയില്ലേ ആദ്യ ചുംബനവും
പിന്നമ്മിഞ്ഞപ്പാലിന്റെ മാധുര്യവും
എന്നാലോർത്തീടുക നാമാദ്യ പരിലാളനം–
അതെവിടം തുടങ്ങിയെന്നോർത്തെടുക്കാം
ഭ്രൂണമായ്.. ഭ്രൂണമായ് തീർന്നൊരു വേളതൊട്ട്
പിന്നോരോഘട്ടവും വിസ്മയം തീർത്തതവൻ
പരമോന്നതൻ അവൻ പരമോന്നതൻ
മാനവൻ തന്നുടെ ഏത്തിനാൽ
ആനന്ദഘോഷം മുഴക്കിടട്ടെ
അദൃശ്യകരങ്ങൾ സംരക്ഷണം
അതാകട്ടെ കൈകുഞ്ഞിനമ്മപോലെ
പരമോന്നതൻ അവൻ പരമോന്നതൻ
വിചിന്തനം ചെയ്യുക മാനവരേ
വിനയാന്വിതരായ് വിദ്യാസമ്പന്നരേ..
കൺകാഴ്ചകളേകിയ നാഥനെ നാം...
കൺചിമ്മിയ വേള മറന്നിടണോ
കേൾക്കുക നാമവൻ സാരോപദേശങ്ങൾ
പകർന്നീടണം ഈ ലോകമെങ്ങും.

# മഴനമ്മോട് പറയുന്നത്...

അയിഷ ജസ ബി.എം
എട്ട് എഫ്.




ഓരോ മണിമുത്തുകളായ്,
മണ്ണിലേക്ക് കുതിക്കും മഴത്തുള്ളികൾ
നമ്മോട് പറയുന്നു
മണ്ണുവേണമെനിക്ക്.

മരംമുറിക്കുന്ന
ശബ്ദം കേൾക്കുമ്പോഴും
മഴ നമ്മോട് ചൊല്ലുന്നു
മരം വേണമെനിക്ക്

പുഴയിലൂടെ കുതിച്ചു പൊങ്ങുന്ന
പ്ലാസ്റ്റിക് കുപ്പികൾ
മഴ നമ്മോട് പറയുന്നു
പുഴ വേണമെനിക്ക്

പ്രകൃതിയാം നൽകുമൊരു പാഠം
അതിഭയാനകമായൊരു പാഠം
മനുഷ്യരായ മനുഷ്യരും പറയും
പ്രകൃതി വേണമെനിക്ക്

# മിഴിനീർ

ലിയാന സി.

ഒമ്പത് ഡി.



നിൻമഴത്തുള്ളികൾ എൻ അരികിലണയുമ്പോൾ
എന്തിനായ് മിഴിനീർത്തുള്ളികളാകുന്നു
കാണാ നൽകാഴ്ചകൾ കാട്ടുന്ന നിന്നിൽ ഞാൻ
കാണുന്നതെന്തേ ഇന്നെൻ വിരഹം?
നൽദീപമായ് ഇനിയും നീ എന്തേ
എൻ അരികിൽ ഇനിയും അണയാതെ
അകലുന്നു നിശ്ചലം...

നീ മൊഴിയും ഓരോ വാക്കിലും
ഞാൻകാണുന്നതെന്തേ
എൻ ജീവനിൻ തീരെ കണ്ണുനീർ

പോയ്മറയൂ വേണം എന്നിൽനിന്നും നീ
എന്നേക്കുമായ് തീരാ വേദനയായ്
വേണം എൻ ജീവനിൽ, ചിത്തത്തിൽ
നാളും എന്നേക്കുമായ്
നീ എന്നോട് പറയുന്നതെൻ ജീവനിൻ
വേദനമാത്രമാണെന്നും ഞാൻ അറിയുന്നു.

# വെളിച്ചമേ വിദ്യാലയം

ഹന ഫാത്തിമ




7 ബി

അറിവിൻ വെളിച്ചമായ്
ഗുരുതൻ പാഠമായ്
വെളിച്ചംവിതച്ച് നിൽക്കും
സുന്ദരമാംവിദ്യാലയം

മനസ്സറിയും ചങ്ങാതിമാർ
അറിവുനൽകും ഗുരുക്കൾ
കനവിൽ നിറം ചൊരിയുന്ന
പൂങ്കുടമാം വിദ്യാലയം.

ഗുരുക്കൾ ജപിച്ചീടും
ഞങ്ങളേക്കാൾ ഉയർന്നീടൂ
സമൂഹത്തിൻ വെളിച്ചമായ്
ഉണർന്നുനിൽക്കു നിങ്ങളും.

# പ്രകൃതിയേ നീ കരയുന്നുവോ?

ഷിഫ മറിയം കെ.പി
5 ബി.



പ്രകൃതീ നീ കരയുന്നുവോ
വികൃതമായ് തീർന്നെൻ നാട്ടും നഗരവും
നിൻെറ കണ്ണിൽനിന്നുതിർന്ന നീറച്ചാലുകൾ
ഒന്നിച്ചുചേർന്നു പുഴകളെ പുൽകവേ
ഒറ്റക്കു താങ്ങുവാനാവില്ലയെന്നോതി
മുറ്റംനിറച്ചു നീ തണ്ണീർതടാകങ്ങളാൽ
ഒത്തുചേർന്നൊന്നു കരകവിഞ്ഞങ്ങനെ
കഷ്ടത്തിലാക്കി നീ മർത്യൻെറ ജീവിതം

കരകവിഞ്ഞങ്ങിങ്ങു ഗതിമാറിയെങ്ങോട്ടോ
ചടുലമായൊഴുകും നിൻ ഭാവം ഭയാനകം
കരളലിയിപ്പിക്കുന്ന കാഴ്ചകളാണെങ്ങും
കരയുവാൻ കണ്ണുനീർ ബാക്കിയില്ലൊട്ടുമേ...
അരുതരുതേ നീയെൻെറ യാത്ര തടയവേ
താനിരിക്കും കൊമ്പുവെട്ടി ഏതോ
മാനവർ താഴെപ്പതിച്ചതു പാഠമായ്
സിദ്ധാന്തമൊക്കെപ്പഠിച്ചവരെങ്ങ്
ഏത്തിലതിനെയുറക്കിക്കിടത്തിയാൽ
കിട്ടും ഫലം തീർച്ചയെന്നറിഞ്ഞുമേൽ
ഒട്ടും മടിക്കാതെ വർത്തിക്ക മർത്യാ നീ...
പ്രകൃതിയോടൊന്നു പറഞ്ഞീടട്ടെ നിൻ
വികൃതി നീ തെല്ലൊന്നൊതുക്കീടുമോ.....

# എന്റെ എൻ.സി.സി അനുഭവങ്ങൾ

അമീൻ സാബിർ

9 ബി.

ഞാൻ ഒമ്പതാം ക്ലാസിൽ പഠിക്കുമ്പോൾ എട്ടാംക്ലാസ് വരെഎന്നെ പഠിപ്പിച്ചടീച്ചർമാരെല്ലാം എന്നോടുപറഞ്ഞു: നീ ആളാകെ മാറിയല്ലോ? ഒരുപാട് മെച്ചപ്പെട്ടല്ലോ എന്ന്.എന്റെ സ്വഭാവത്തിന് മാറ്റം വന്നെങ്കിൽ,മെച്ചപ്പെട്ടങ്കിൽ അതിന് കാരണം ഞാൻ ,എൻ.സി.സി തന്നെ. എൻ.സി.സിയിൽ ചേർന്നപ്പോൾ ഞാൻ കരുതിയത് ഗ്രേസ് മാർക്ക്മാത്രേമ ലഭിക്കു എന്നാണ്. എന്നാൽ ചേർന്നുകഴിഞ്ഞപ്പോഴാണ് മനസ്സിലായത് ഗ്രേസ്മാർക്കിനേക്കാൾ വിലപ്പെട്ട പലതും എൻ.സി.സിയിൽ നിന്ന് ലഭിക്കുന്നുണ്ടെന്ന്.

മുതിർന്നവരെ ബഹുമാനിക്കുക, ഇളയവരോട് കരുണകാണിക്കുക, അച്ചടക്കം, പക്വത, വാക്കുകൾ ഉപയോഗിക്കുന്നതിലെ സൂക്ഷ്മത തുടങ്ങിയവയാണ് എന്നിൽ വന്ന മാറ്റങ്ങൾ. എൻ.സി.സിയിൽനിന്ന് ലഭിച്ച മറ്റൊരു പ്രധാന കാര്യം ലീഡർഷിപ്പ് ക്വാളിറ്റിയാണ്. ആദ്യം പേടിച്ച എന്നെ ഒരു ലീഡറാക്കിയത് എൻ.സി.സിയാണ്. ഉത്തരവാദിത്തങ്ങൾ നിറവേറ്റാൻ എന്നെ പഠിപ്പിച്ചത് എൻ.സി.സിയാണ്.

എൻ.സി.സിയിൽ ഒരുപാടു തരം ക്യാമ്പുകളുണ്ട്. ഞാൻ പത്ത് ക്യാമ്പ് ചെയ്തിട്ടുണ്ട്. ഇതിൽ ഒമ്പത് ക്യാമ്പ് എനിക്ക് ഷൂട്ടിങ്ങിൻെറ പേരിൽ ലഭിച്ചതാണ്. ഓരോ ക്യാമ്പുകളും എന്നെ സമർഥനാക്കി. നല്ല പ്രാക്ടീസ് ലഭിച്ചു. ഇത്രയും പ്രാക്ടീസ് എൻ.സി.സിയിൽനിന്ന് ലഭിച്ചതിനാൽ എനിക്ക് കേരള ടീമിനെ പ്രതിനിധീകരിച്ച് ദൽഹി ക്യാമ്പിൽ പെങ്കടുക്കാൻ കഴിഞ്ഞു.

ഈ ക്യാമ്പുകൾകൊണ്ടുള്ള മറ്റൊരു കാര്യം വീട്ടിൽനിന്ന് അകന്ന് നിൽക്കാനും ജീവിതം പഠിക്കാനും കഴിഞ്ഞതാണ്. ഒരു ക്യാമ്പ് പത്തുദിവസമായിരുന്നു. മൊത്തം നൂറുദിവസം ഞാൻ ക്യാമ്പിൽ ചെലവഴിച്ചു. എ, ബി, സി, സർട്ടിഫിക്കറ്റുകളും ലഭിച്ചു. സർട്ടിഫിക്കറ്റുകൾ രണ്ട്, മൂന്ന്, അഞ്ച് ശതമാനം ഗ്രേസ്മാർക്കുകൾ ലഭിക്കാനുപകരിക്കും.

എൻ.സി.സിയിൽ നിന്ന് ഒരുപാട് ട്രിപ്പുകൾ പോകാനും സ്ഥലങ്ങൾ കാണാനും സാധിച്ചു. ഇന്ത്യാഗേറ്റ്, കുതബ് മിനാർ, രാജ്ഘട്ട്, ലോട്ടസ് ടെമ്പിൾ എന്നിവ അതിൽ

ചിലതാണ്. എൻ.സി.സിയിൽ ആർമി, നേവി, എയർഫോഴ്സ് എന്നീ മൂന്നുതരമാണ്. ഇതിനെല്ലാം എന്നെ സഹായിച്ചത് എന്റെ സ്കൂൾ എൻ.സി.സി ബറ്റാലിയനും ,എൻ.സി.സി ഓഫീസറുമാണ്. എന്റെ എൻ.സി.സി ജീവിതം ഒരിക്കലും മറക്കാൻ കഴിയില്ല.







# English Club

English club come out in flying colours in this academic year. The club was formed in june

First task of the club,story writing competition which was conducted on 26th june 2019 . Nizamudin (8thB) ,Aysha Jeza (8th F), and Roshan Aman (8th B ) won the First , Second and third places respectively

Next we had review writing competition in which

Nizamudin (8thB) baged the first place. Slogan writing competition was the next item of the club .They had to prepare an anti-war slogan.Nizamudin (8thB), Aysha Jeza (8th F),Amal Gafoor (9th E) turned victorians in the same .

8th standard students were instructed to prepare book review based on a book which may help to cultivate reading habits and may help them to read books critically.

Spell bee competition was an highlight of the club as two children Nizamudin and Durgamani were qualified for the National Mega final exam of the year 2019 that was conducted on 28th December 2019 from TAMIL NADU,mean while 19 students have participated in inter school spell bee competition of the year 2020 which was conducted on 6th January 2020.



# ഹിന്ദി ക്ലബ്

ഹിന്ദി ക്ലബിൻെറ ആഭിമുഖ്യത്തിൽ ധാരാളം പരിപാടികൾ സംഘടിപ്പിച്ചു.
ജൂലൈ 31 ന് പ്രേംചന്ദ് ജയന്തിയോടനുബന്ധിച്ച് കഥാരചന, ഉപന്യാസ മൽസരം,
ക്വിസ് എന്നിവ സംഘടിപ്പിച്ചു. ക്വിസ് മൽസരത്തിൽ ധാരാളം വിദ്യാർഥികൾ
പെങ്കടുത്തു. 10 ഡിയിലെ മുഹമ്മദ് ആസിം ഒന്നാം സമ്മാനം നേടി.
ആഗസ്റ്റ് 15 സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച്സെപ്റ്റംബർ 15 ന്ഹിന്ദി
ദിനത്തോടനുബന്ധിച്ചും വിവിധ പരിപാടികൾ സംഘടിപ്പിച്ചു. ഹിന്ദി ഭാഷയുടെ
മഹത്വത്തെ കുറിച്ച് ഒരു പ്രസംഗമ രത്സവും സംഘടിപ്പിച്ചു.
ഒക്ടോബർ 2 ഗാന്ധിജയന്തിയോടനുബന്ധിച്ച്
ഗാന്ധിജിയുടെ ജീവിതത്തെ കുറിച്ച് പ്രസംഗ മത്സരം സംഘടിപ്പിച്ചു.

# മലയാളം ക്ലബ്




## വിദ്യാരംഗം സാഹിത്യവേദി

മലയാളം ക്ലബ് ഈ വർഷത്തിൽവ്യത്യസ്മായ ഒട്ടേറെ പ്രവർത്തനങ്ങൾ നടത്തി. വായനാ ദിനത്തോടനുബന്ധിച്ച് കുട്ടികൾ തയാറാക്കിയ 'ഭീമൻ പുസ്തക പ്രകാശനവും വിദ്യാരംഗം സാഹിത്യവേദി ഉദ്ഘാടനവും ഗോപാലൻ സാർ നിർവഹിച്ചു.

വായനാവാരത്തോടനുബന്ധിച്ച് അമ്മയോടൊപ്പം സാഹിത്യ പ്രശ്നോത്തരി സംഘടിപ്പിച്ചു. ക്ലാസ്സ്തലത്തിൽ വിജയികളായ കുട്ടികൾക്ക് അവരുടെ അമ്മമാരോടൊപ്പം ക്വിസ് മൽസരത്തിൽ പങ്കെടുക്കാൻ അവസരം ലഭിച്ചു. വിജയികൾക്ക് പുസ്തകങ്ങൾ സമ്മാനമായി നൽകി. യു.പി വിദ്യാർഥികൾക്ക് വായനക്കുറിപ്പ് മൽസരം സംഘടിപ്പിച്ചു.

ബഷീർ അനുസ്മരണത്തോടനുബന്ധിച്ച് വൈക്കം മുഹമ്മദ് ബഷീറിന്റെ



വീട്ടിലേക്ക് യാത്ര സംഘടിപ്പിച്ചു.

വിദ്യാരംഗംസബ്ജില്ലാ സർഗോൽസവത്തിൽ ഹൈസ്കൂൾ വിഭാഗം ക്വിസ്, ചിത്രരചന,യു.പി വിഭാഗം ചിത്രരചന, അഭിനയം എന്നിവയിൽ കുട്ടികൾ ജില്ലാതലത്തിലേക്ക് യോഗ്യത നേടി.






# ഗണിതശാസ്ത്ര ക്ലബ്

ജൂലൈ 22. പൈദിനത്തോടനുബന്ധിച്ച് ഹൈസ്കൂൾ വിഭാഗം ക്ലാസ്സ്തലത്തിൽ മാഗസിൻ മൽസരം നടത്തി.
കെ.എസ്.എം.ഒയിൽ നടന്ന റിഫ്രഷർ കോഴ്സിൽ സൈഫുദ്ദീൻ സർ, അഷ്റഫ് സർ,റഷീദ് സർ പെങ്കടുത്തു. ഇതോടനുബന്ധിച്ച് നടന്ന ഗണിത ശിൽപശാലയിൽ രണ്ട് ഘട്ടങ്ങളിലായി നാലുവിദ്യാർഥികൾ പെങ്കടുത്തു.
സബ്ജില്ലാ ഗണിതശാസ്ത്ര മേളക്ക് മുന്നോടിയായി സ്കൂൾതല ഗണിതശാസ്ത് മേളനടത്തി.
സബ്ജില്ലാ ഗണിതശാസ്ത്ര മേളയിൽ 12 ഇനങ്ങളിലും പങ്കെടുക്കാനുള്ള വിദ്യാർഥികൾക്ക് പരിശീലനംനൽകി.
സബ്ജില്ല ഗണിതശാസ്ത്ര മേളയിൽ ഹൈസ്കൂൾ തലത്തിൽ റണ്ണേഴ്സ്അപ്പും യു.പി തലത്തിൽ ഓവറോളുംനേടി.
ഗണിതശാസ്ത്രത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർഥികൾക്ക് ക്ലബ് മെമ്പർമാരെ ഉപയോഗിച്ച് പരിശീലനംനൽകാനുള്ള പരിപാടി പ്ലാൻ ചെയ്തിട്ടുമുണ്ട്.

# പ്രവേശനോൽസവം

ജെ.ഡി.റ്റി. ഇസ്ലാം ഹൈസ്കൂൾ മാ നേജർ ഡോ.പി.സി. അൻവർ ഉദ്ഘാടനം ചെയ്തു.നടി സംയുക്താ മേനോൻ ,സംവിധായകനും ജെ.ഡി.റ്റി. ഇസ്ലാം ഹൈസ്കൂൾ പൂർവ വിദ്യാർത്ഥിയുമായ സ്വപ്നേഷ് കെ. നായർ എന്നിവർ മുഖ്യാതിഥികളായിരുന്നു. ജെ.ഡി.റ്റി ഇസ്ലാം ജോ. സെക്രട്ടറി എം.പി. അബ്ദുൽ ഗഫൂർ അവാർഡുകൾ വിതരണം ചെയ്തു. പ്രിൻസിപ്പാൾ അ ബ്ദുൽ കബീർ,പി.ടി.എ പ്രസിഡന്റ്, വാർഡ് മെമ്പർ എന്നിവർ പങ്കെടുത്തു. ഹെഡ് മാസ്റ്റർ അബ്ദുൽ ഗഫൂർ സ്വാഗതം പറഞ്ഞു.പി.ടി.എ പ്രസിഡന്റ് അധ്യക്ഷത വഹിച്ചു.

















# ജെ.ആർ.സി

**ജെ.ഡി.റ്റി ഇസ്ലാം ഹൈസ്കൂളിൽ JRC യൂണിറ്റ് ഉത്ഘാടനം ചെയ്തു.**

**ചേവായൂർ AEO ഹെലൻ ഹിസാന്ത് മെന്റോ സ് 3/10/19 ന് (വ്യാഴം) രാവിലെ 11.30 നാണ്**

**ഉത്ഘാടനം ചെയ്തത്. ഹെഡ്മാസ്റ്റർ അബ്ദുൽ ഗഫൂർ അധ്യക്ഷം വഹിച്ചു .ഷമീനാ ബാനു ടീച്ചർ സ്വാഗതം പറഞ്ഞു.യോഗത്തിൽ പ്രിൻസിപ്പാൾ അബ്ദുൽ കബീർ, അഡ്മിനിസ്ട്രേറ്റീവ്ഓഫീസർ ഹമീദ്, ഡപ്യൂട്ടി ഹെഡ്മാസ്റ്റർ സൗദ, PTA പ്രസിഡന്റ് ജബ്ബാർ, MPTA പ്രസിഡന്റ് സലീന തുടങ്ങിയവർ സംസാരിച്ചു. പരിപാടിയിൽ പങ്കെടുത്ത എല്ലാവർക്കും ഷംന ടീച്ചർ നന്ദി പറഞ്ഞു.**



# വിദ്യാർഥി പൊലീസ് സേന

2019–20 അധ്യയന വർഷത്തെ എസ്.പി.സി പ്രവർത്തനങ്ങൾ ജൂൺമാസത്തിൽ ആരംഭിച്ചു. ജൂൺ 15 ഓടെ 44 കുട്ടികൾ അടങ്ങിയ ജൂനിയർ ബാച്ച് രൂപീകരിച്ചു. ഈ വർഷം സീനിയർ, ജൂനിയർ ബാച്ചുകളിലായി ആകെ 87 കുട്ടികളാണുള്ളത്.
ഓരോ മാസവും എല്ലാ ബുധൻ, ശനി ദിവസങ്ങളിലാണ് എസ്.പി.സി പ്രവർത്തനങ്ങൾ നടക്കുന്നത്. ബുധൻ വൈകീട്ട് 4 മുതൽ 5.30 വരെ പരേഡ്, പ്രാക്ടീസ്, ശനി രാവിലെ എട്ടുമുതൽ പത്തുവരെ ഫിസിക്കൽ എജ്യുക്കേഷൻ ട്രെയ്നിങ്. പത്തുമുതൽ ഒരുമണിവരെ ഇൻഡോർ ക്ലാസ് ആൻറ് ഔട്ട്ഡോർ ആക്റ്റിവിറ്റീസ്.... ഇതാണ് എസ്.പി.സിയുടെ സ്കൂളിൽ നടക്കുന്ന പ്രവർത്തനങ്ങൾ.
കൂടാതെ ഓണം, ക്രിസ്മസ്,വേനലവധി എന്നീ അവധിദിനങ്ങളിലായി ഒമ്പതുദിവസത്തെ ക്യാമ്പും നടക്കുന്നു. രണ്ടുവർഷങ്ങളായി ആർജിക്കുന്ന അനുഭവങ്ങളിലൂടെ സമൂഹത്തിലെ ഉത്തമ പൗരന്മാരായി വളരാൻ വേണ്ട എല്ലാ അറിവുകളും കഴിവുകളും ഓരോ സ്റ്റുഡൻറ് പൊലീസ് കാഡറ്റും നേടിയെടുക്കുന്നു. ഇത് മറ്റ് കുട്ടികളിൽനിന്ന് ഓരോ കാഡറ്റിനെയും വ്യത്യസ്തരാക്കുന്നു.











# A NEW CYBER WORLD
# BOON OR BANE

**NASHA FATHIMA**
9E

With social media, cyber worlds and the epidemics of texting on the rise, our youth is losing its grasp on reality. Parents need to be stricter with time limits on the Internet, and children still in grade school have no reason to be on a cell phone. We need to get back to old-fashioned person-to-person communication. Everything now is done virtually, whether through texting or in world cyber chats. When you ask a child or a teen how many friends they have, they will come back with a response like 900 because that's how many friends they have on Facebook and Instagram; this really is a problem. This topic really

need to brought into light; children need to be taught how to interact with other people in person and not just over the Internet and through texting. There are children as young as four with cell phones who are getting caught texting in Kindergarten. At that age, what do these children have to be texting about? These same children are bringing laptops to school and instead of wanting to go out for recess to run around and play and make up silly games, they want to be checking up on what's going on in cyberspace. The grammar of this generation has also gone almost completely out the window. They are too caught up in the "LOLs" and "K" instead of "Okay" or "OK" and the "TTBL", "BRB" and "U" instead of "you". Teachers see this all the time, and it truly is a problem that needs to be addressed. If you don't know how to communicate, you cannot get anywhere in this world. Through this paper, i plan to bring to light all of what is going on with our youth and what we can do to stop it make things hopefully a bit better for everyone involved. We really need to stop and go back to have and teach real person-to-person conversation and use proper manners again. We are moving at such a fast rate with technology and everything else, and we really need to keep our youth updated on technology, but they still need to have basic communication skills. When it comes to this generation, going on a job or college interview they are going to be lost. This generation not been exposed how they need to communicate with adults or even with their peers to just have a simple conversation.

According to a survey done by the Times Daily,"out of 100 youth aged 12-17 who participated in the phone survey, 60 percent say they don't consider electronic communications - e-mails, instant messaging, mobile text - to be writing in the formal sense; 63 percent say that it has no impact on the writing they do for school, and 64 percent report in advertently using some form of shorthand common to electronic text, including emotions, incorrect grammar or

punctuation". So this implies that 64 percent of our youth is suffering from texting and has become too careless with their formal writing as a result. Texting is texting away depth and attention to detail that our youth need to succeed in the business world. Texting has become the oxygen supply to the world. You see people while doing everything shopping, eating, watching a movie, driving, and even falling asleep to it.

Remember the days when you got home from school and spent the rest of the day out in your neighbourhood playing with friends until your mother dragged you in or it was just too dark? I'm sure those are some of the greatest memories of your childhood. The youth today is so "plugged in" that their only childhood memories are going to be what they saw on a screen.

It has become apparent that social media and the epidemics of texting and cyber worlds are not things we will ever be able to get rid of, however, we can see the effects that they are having on our youth, physically, socially, behaviourally, and mentally. To try and ensure a good future for these generations and generations to come, we need to make sure to take a stand and educate them on the importance of real face-to-face communication, formal writing and not text shorthand, and that everything that is said over the Internet is not reality.

Use the cyber world carefully and for betterment of life. We need to get back to person-to-person communication to ensure a safe and healthy future of our youth. Well that's all for now. Thank you!

# കേരള സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് ആൻറ് ഗൈഡ്സ്



ജെ.ഡി.ടി ഇസ്ലാം ഹൈ സ്കൂളിൽ സ്കൗട്ട് യൂണിറ്റ് 2014 ലും ഗൈഡ്സ് യൂണിറ്റ് 2019 ലും ആരംഭിച്ചു. 70 മെമ്പർമാർ അടങ്ങുന്ന സ്കൗട്ട് യൂണിറ്റും 50 മെമ്പർമാർ ഉള്ള ഗൈഡ്സ്യൂണിറ്റും ആണ് നിലവിൽ ഉള്ളത്.70 സ്കൗട്ട്സും 50 ഗൈഡ്സും അടങ്ങിയ 6 യൂണിറ്റുകളാണ് നിലവിലുള്ളത്.വ്യത്യസ്തങ്ങളായ സമൂഹത്തിന് ഉപകാരപ്പെടുന്ന പരിപാടികൾ സ്കൗട്ട് ആൻറ് ഗൈഡ്സ് യൂണിറ്റ് കൾ നടത്തി വരുന്നു .

2019–2020 അധ്യായന വർഷത്തിൽ സ്കൗട്ട്സ് ആൻറ് ഗൈഡ്സ് പ്രവർത്തന കലണ്ടർ അനുസരിച്ചുള്ള പരിപാടികൾക്ക് പുറമെ വൈവിധ്യങ്ങളായ മററു പരിപാടികളിലും സ്കൗട്ട് ആൻറ് ഗൈഡ്സ് അവരുടെ സാന്നിധ്യം

അറിയിച്ചു.പ്രവേശനോത്സവ ചടങ്ങിൽ സ്കൗട്ട് ആൻറ് ഗൈഡ്സിനുള്ള ടി–ഷർട്ട് വിതരണവും രാജ്യപുരസ്കാർ സ്കൗട്ടുകളെ ആദരിക്കൽ ചടങ്ങും നടന്നു. ശേഷം ജൈവ വൈവിധ്യ പാർക്കുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടു .

21.4.2019 ന് യോഗാ ദിനത്തോടനുബന്ധിച്ച് യൂണിറ്റിൽ നിന്നും രാജ്യപുരസ്കാർ ത്രിതീയ സോപാൻ സ്കൗട്ട്സ് സെൻ്റ് ജോസഫ്സ് ബോയ്സ് ഹൈ സ്കൂളിൽ വെച്ച് നടന്ന പരിപാടിയിൽ പങ്കെടുത്തു . ജൂൺ 23 ന് അന്താരാഷ്ട്ര ലഹരി വിരുദ്ദ ദിനത്തിന്റെ ഭാഗമായി സൈക്കിൾ റാലി നടത്തി. ജൂലായ് 3 ന് ജൈവവൈവിധ്യ പാർക്കിന്റെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്ക് തുടക്കമായി .

ആഗസ്റ്റ് 1 ന് വേൾഡ് സ്കാർഫ് ഡേ,വിദ്യാർത്ഥികൾ അധ്യാപകർക്ക് സ്കാർഫ് അണിയിച്ചു ആചരിച്ചു . സ്കാർഫ് ഡേ സന്ദേശം സ്കൂൾ റേഡിയോയിലൂടെ നൽകി. ആഗസ്റ്റ് 7 ന് സ്കൂൾ അങ്കണത്തിൽ യുദ്ധവിരുദ്ധ റാലി നടത്തി . ആഗസ്റ്റ്15 ന് വിക്രം മൈതാനിയിലും സ്കൂളിലുമായി നടന്ന സ്വാതന്ത്ര്യ ദിന പരേഡിൽ സ്കൗട്ട് ആൻറ് ഗൈഡ്സ് അണി നിരന്നു.

ആഗസ്റ്റ് 18 ന് പ്രളയബാധിത പ്രദേശത്തേക്ക് 550 തേങ്ങയും 400 കി ഗ്രാം അവിലും എത്തിച്ച് വിതരണം ചെയ്തു. സപ്തംബർ 5 ന് അധ്യാപക ദിനത്തിൽ വിദ്യർ ത്ഥികൾ അധ്യാപകർക്ക് ആശംസാകാർഡുകൾ നൽകി ദിനാചരണത്തിൽ പങ്കാളികളായി.

സപ്തംബർ 19 ന് ഹരിത കേരള മിഷനും ഭാരത് സ്കൗട്ട് ആൻറ് ഗൈഡ്സ് ഉം ചേർ ന്ന് "അരുത് വലിച്ചെറിയരുത്" എന്ന പ്രമേയത്തിന്റെ അടി സ്ഥാ ന ത്തിൽ നമ്മുടെ സ്കൂളിൽ വെച്ച് ഏകദിന ശിൽപശാല സംഘടിപ്പിച്ചു.

ഒക്ടോബർ 12 ന് സ്കൗട്ട് ആൻറ് ഗൈഡ്സ് യൂണിറ്റുകൾസാനിറ്ററി പ്രൊമോഷൻ പ്രൊജക്ടിന്റെ ഭാഗമായി വിദ്യാലയ പരിസരത്ത് ശുചീകരണ പ്രവർത്തനങ്ങൾ നടത്തി.

ഒക്ടോബർ 18,19 തിയ്യതളിലായി ജെ.ഡി.ടി ഇസ്ലാം ഹൈ സ്കൂളിൽ വെച്ച് 62ാമത് JOT A–JOT I camp നടന്നു.

ഒക്ടോബർ 25 ന് ട്രാഫിക് ബോധവൽക്കരണവുമായി ബന്ധപ്പെട്ട് സ്കൗട്ട് and ഗൈഡ്സിനും രക്ഷിതാക്കൾക്കുമുള്ള ക്ലാസ് എ .എം വി.ഐ മുസ്തഫ സാറിന്റെ നേതൃത്വ ത്തിൽ നടന്നു.

നവംബർ1 ന് 63–ാം കേരളപ്പിറവി ദിനാഘോഷം നടത്തി. 63 കേരള ഭൂപടം കൈയിലേന്തിയ സ്കൗട്ട് –ഗൈഡുകൾ സംഗീതത്തിന്ടെ അകമ്പടിയോടെ വന്ന് ചേർന്ന് കേരളത്തിൻടെ മാതൃക നിർമ്മിച്ച് പ്രകൃതി സൗഹൃദ മാലിന്യ മുക്ത കേരളത്തിനായി പ്രയത്നിക്കുമെന്ന് പ്രതിജ്ഞ ചെയ്തു .

നവംബർ7 ന് വിപുലമായ പരിപാടികളോടെ സ്കൗട്ട്സ് ആൻറ് ഗൈഡ്സ് ദേശീയ സ്ഥാപക ദിനം ആചരിച്ചു. തത്സമയ ലോഗോ രചന,രൂപ നിർമ്മാണം എന്നിവയോടൊപ്പംപ്ലാസ്റ്റിക് വിരുദ്ധ പ്രതിജ്ഞയും എക്സ്ഹിബിഷനും നടന്നു.

നവംബർ14 ന് ശിശു ദിനത്തോടനുബന്ധിച്ച് ശിശുദിന സന്ദേശം ഓരോ ക്ലാസുകളിലും നൽകി.

ഡിസംബർ 2 ന് വിമുക്തിയുടെ ഭാഗമായി ലഹരിക്കെതിരെ ജെ.ഡി.ടി ഇസ്ലാം ഹൈ സ്കൂൾ മുതൽ സിവിൽ station വരെ സൈക്കിൾ റാലി നടത്തുകയും തീരദേശ സൈക്കിൾ യാത്രയ്ക്ക് സ്വീകരണവും നൽകി.

ജനുവരി 2 മുതൽ 5 വരെ ചേർത്തലയിൽ വെച്ച് നടന്ന 22–ാമത് സംസ്ഥാന കാമ്പോരിയിൽ ജെ.ഡി.ടി യിലെ സ്കൗട്ട് യൂണിറ്റിലെ 14 കുട്ടികൾ പങ്കെടുത്തു.







# ഉറുദു ക്ലബ്ബ്

2019-20 വർഷത്തിൽ ഉറുദു ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ദിനാചരണങ്ങൾ ജൂലൈ മാസത്തിൽ തന്നെ ആരംഭിക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി ജൂലൈ-5 ബഷീർ ചരമദിനത്തോടനുബന്ധിച്ച് യു.പി, എച്ച്.എസ് വിഭാഗങ്ങൾക്ക് കാർട്ടൂൺ രചനാമത്സരവും, ലോക ജനസംഖ്യാദിനത്തോടനുബന്ധിച്ച് ജൂലൈ-11-ന് പ്രബന്ധരചനാമത്സരവും, ജൂലൈ-31 പ്രേംചന്ദ് ദിനത്തോടനുബന്ധിച്ച് കഥാരചനാമത്സരവും നടത്തുകയുണ്ടായി.

ആഗസ്റ്റ്–7–ബുധനാഴ്ച്ച ഐ.എം.ഇ ഷറഫുദ്ദീൻ സാർ ഉറുദു ക്ലബ്ബിന്റെ ഔപചാരികമായ ഉദ്ഘാടനം നടത്തുകയും, അതോടനുബന്ധിച്ച് കുട്ടികളുടെ വിവിധ കലാപരിപാടികൾ അരങ്ങേറുകയും ചെയ്തു.

ആഗസ്റ്റ്–15–ന് സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് ക്വിസ് മത്സരം നടത്തുകയും 1,2,3 സ്ഥാനാർഹർക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്തു.

സെപ്തംബർ മാസത്തിൽ യു.പി, എച്ച്.എസ് കുട്ടികൾക്കായി സ്ക്കൂൾതല "ഉറുദു ടാലന്റ് ടെസ്റ്റ്" നടത്തുകയും ഒന്നാം സ്ഥാനം നേടിയ കുട്ടികളെ സബ്ജില്ലാ, ജില്ലാതല മത്സരത്തിൽ പങ്കെടുപ്പിക്കുകയും ചെയ്തു.

ജില്ലാതല മത്സരത്തിൽ 9–H–ലെ ലെയ്ക ഖദീജ

ഒന്നാം സ്ഥാനം നേടുകയും ചെയ്തു.

ഉറുദു ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ചേവായൂർ സബ്ജില്ലയിൽ "ഉറുദു സോക്കർ ധമാക്ക" എന്ന പേരിൽ ജനുവരി–2–ന് നടന്ന ഫുട്ബോൾ മത്സരത്തിൽ നമ്മുടെ എച്ച്.എസ് വിദ്യാർത്ഥികൾ റണ്ണർ അപ്പ് ആയി ട്രോഫി കരസ്ഥമാക്കുകയുണ്ടായി. 20 ടീമുകളെ പിന്നിട്ടുകൊണ്ടാണ് നമ്മുടെ ഉറുദു വിദ്യാർത്ഥികൾ ഈ വിജയം കരസ്ഥമാക്കിയത്. സബ്ജില്ലയിലെ മികച്ച കീപ്പർ 8–F–ലെ ഫഹദ് എ.എസ് ആയിരുന്നു.

ജനുവരി–11 ന് നടന്ന സ്ക്കൂൾവാർഷികത്തിൽ ഉറുദു വിദ്യാർത്ഥികളുടെ ഖവാലി വളരെ ശ്രദ്ധയാകർഷിക്കുകയുണ്ടായി. 18 ആൺകുട്ടികൾ ചേർന്ന് നടത്തിയ വർണാഭമായ ഈ പരിപാടി പ്രേക്ഷകരുടെ മനസ്സിനെ കീഴടക്കി.

# Perfect Reward

**Nizamuddin Basheer**
VIII-B



A rich man named Ganesh, who owns a boat, lived in a village. He wanted his boat and entrusted to a painter. While painting, painter noticed that there was a small hole in the hull, and quietly repaired it. When he finished painting, he received his money and left.


The next day, Ganes came to the painter and presented him with a nice cheque, much higher than the payment for painting. The painter was surprised and said "you have already paid me for painting the boat sir!".

"But this is not for the paint job. It's for having repaired the hole in the boat". Ganesh said" Ah! But it was such a small service. Certainly it's not worth paying me such a high amount for something so significant". The painter replied. "My dear friend, let me tell you what happened. When I asked to paint the boat, I forgot to mention about the hole. When the boat dried, my sons took the boat and went on a fishing trip. They didn't know there was a hole. I was not at home at that time. When I returned and noticed they went with the boat, I was desperate because I remembered that the boat had a hole. Imagine my relief and joy when I saw them returning from fishing. Then, I examined the boat and found that you had repaired the hole! You saved the life of my children! I do not have enough money to pay for your small good dead".

Ganesh said holding his hands

No matter who, when or how, just continue to help, sustain, wipe tears, listen attentively and carefully repair all the leaks you find, because you never know when one is in need of us or when God holds a pleasant surprise for us to be helpful and important to someone.







# Record Breakers

**Nivedh Menon**
IX-B

Our planet is full of incredible natural wonders, some of which are millions of years old. From sky scraping mountains to underground caves. there are 5 of Earth's record breaking land features.

- **Highest** – Mount Everest, Nepal – The peak of Mount Everest lies 8,848m [29,029 ft] above sea level making it the world's highest mountain. It is 10 times taller than the world's tallest building – the Burj Khalifa sky scraper in Dubai.
- **Longest** – Nile river, Africa – The world's longest river is the Nile, at 6,825 km [4,238 miles]. It flows through ll African countries.
- **Deepest** – Krubera cave, Georgia – The world's deepest cave lies in Asia, stretching down 2,197m [7,208 ft]. It is nearly as deep as seven of Paris's Eiffel towers.
- **Driest** – Atacama Desert, Chile – Covering 1000 km [600 miles]. The South American desert is one of the driest places on earth. Some parts have not seen rainfall since records began at least 400 years ago.
- **Tallest** – Angel falls, Venezuela – Spectacular Angle falls is the world's tallest waterfall with a drop of 979 m [3,212 ft]. It is more than twice the height of New York's Empire state building.





# NATURE AND MAN

**Lulu Fathima**
X-A



In my childhood
I used to play in the bank of a river
There was flowers, trees and birds
And I was a nature lover

Today when I go there
Every thing I saw there, were gone
Only in the middle of no where
Stood a tree alone

The river I saw was not there
Only tons of plastic
And the people didn't even bother
Whether it was fantastic

Many things got disappeared
It is so different from what I saw
Our earth was getting destroyed
Act as if we don't know

One day we will regret things we did
But it will be too late
No plants, No trees, No flowers
And it will be our fate

It is our responsibility to save this planet
Not for me but for you
Start now or else
What will happen, you can guess

So start to save our mother earth
Lets work together
So that the next generation
Can breath fresh air

# ഐ ടി വിദ്യാഭ്യാസം എന്തിന്?

റിയ മെഹ്താബ്
IX-A



ടെക്നോളജിയും മനുഷ്യരെയും ചൈനയിലേക്ക് കയറ്റി അയക്കാൻ ഇതുവരെ ലോകത്ത് അധികമാരും ധൈര്യപ്പെട്ടിട്ടില്ല. എന്നാൽ ചൈനയുടെ ഇൻഫർമേഷൻ ടെക്നോളജി രംഗത്തും ടെലികമ്മ്യൂണിക്കേഷൻ രംഗത്തും ഇന്ത്യൻ കമ്പനികൾ പുതിയ മുതൽമുടക്കുകൾ നടത്തുകയാണ്. അതും പൂർണ്ണമായി ഇന്ത്യൻ തൊഴിലാളികളെ ഉപയോഗപ്പെടുത്തിക്കൊണ്ടുതന്നെ. അതിനാൽതന്നെ ഐ.ടി. വിദ്യാർത്ഥികൾക്ക് ഒരിക്കലും തിരിഞ്ഞുനോക്കേണ്ടിവരില്ല. ചൈനയിൽ പോയിട്ടായാലും ഇനി നമുക്ക് തൊഴിൽ ചെയ്യാം. അഞ്ച് കോടി ഇന്റർനെറ്റ് കണക്ഷനും അത്ര തന്നെ മൊബൈൽ ഫോൺ കണക്ഷനുമുള്ള രാജ്യമാണ് ഇന്ത്യ. വിവര സാങ്കേതിക രംഗത്ത് നമ്മുടെ മുതൽമുടക്ക് വളരെ വലുതാണ്. വിപ്രോ, ഇൻഫോസിസ് തുടങ്ങിയ വൻകിടക്കാരുടെ വിജയം മാതൃകയാക്കി

റിലയൻസ്, ടാറ്റാ തുടങ്ങിയവരും വിവര സാങ്കേതിക രംഗത്ത് ശ്രദ്ധ പതിപ്പിച്ചു തുടങ്ങി. സോഫ്റ്റ്വെയറിനു പുറമെ ഹാഡ്വെയർ രംഗത്തും നാം പതുക്കെ കാലുറപ്പിക്കുകയാണ്. അമേരിക്കയിൽ ഇൻഫർമേഷൻ ടെക്നോളജി രംഗത്ത് സേവനമനുഷ്ടിക്കുന്ന കമ്പനികളിലേക്ക് അന്വേഷണമായോ പരാതിയായോ അവിടത്തുകാർ പതിനഞ്ച് ടെലിഫോൺ കോൾ ചെയ്യുമ്പോൾ അതിൽ പത്തെണ്ണത്തിനും മറുപടി നൽകുന്നത് ഇന്ത്യയിൽ പ്രവർത്തിക്കുന്ന കോൾ സെന്ററുകളിൽ നിന്നായിരിക്കും. അതാണ് നാം ഇന്ത്യക്കാരന്റെ യുക്തി. ശമ്പളക്കാര്യത്തിൽ അൽപം നീക്കുപോക്ക് കാണിച്ചാലും ബുദ്ധിയുടെ കാര്യത്തിൽ നാം ആരുടെയും പിന്നിലല്ല. ടെക്നോളജിയുടെ കാര്യത്തിലും അങ്ങനെത്തന്നെ. ഇന്റർനെറ്റ് വഴിയും മൊബൈൽ ഫോൺ വഴിയും ടെലിഫോൺ ബില്ലും വൈദ്യുതി ബില്ലും മറ്റും അടക്കാൻ നമ്മുടെ നാട്ടിലെ സാധാരണക്കാരന് പോലും ഇപ്പോൾ സൗകര്യമുണ്ട്. ടെലികമ്മ്യൂണിക്കേഷൻ രംഗത്ത് നാം വളരെയേറെ മുന്നോട്ട് പോയിരിക്കുന്നു. കേരളത്തിലെ ചില നഗരങ്ങളിൽ ജനസംഖ്യയോടടുത്തായി മൊബൈൽ കണക്ഷനുമുണ്ടെന്നത് അത്ഭുതത്തിന് വകനൽകുന്നു.

കമ്പ്യൂട്ടർ പ്രോഗ്രാമിംഗ് രംഗത്ത് മുപ്പത് ലക്ഷത്തിലേറെ വിദഗ്ദർ ഇപ്പോൾ തന്നെ നമ്മുടെ നാട്ടിൽ ജോലി ചെയ്യുന്നു. അമേരിക്കൻ സമൂഹത്തിൽ പോലും അസൂയ വളർത്തുന്ന തോതിലാണ് നമ്മുടെ മുന്നേറ്റം നടക്കുന്നത്. അവിടുത്തെ വിദഗ്ദ പ്രോഗ്രാമർമാരിൽ നല്ലൊരു വിഭാഗം ഇന്ത്യക്കാരാണെന്നത് എല്ലാവർക്കുമറിയാം. ഇന്ത്യക്കാരുടെ ഈ കടന്നുകയറ്റത്തിനെതിരെ അവിടെ ഇപ്പോൾ മുറവിളി ഉയരുകയാണ്. തൊഴിൽ രംഗത്ത് നാം അവരെ പിന്തള്ളുന്നുവെന്നും ഇത് അമേരിക്കൻ യുവാക്കൾക്ക് തൊഴിൽ നഷ്ടപ്പെടുത്തുന്നുവെന്നുമാണ് പരാതി. കമ്പ്യൂട്ടറിന്റെ ഇന്ത്യൻ ബദലായ സിമ്പ്യൂട്ടറിനു നാം വിദേശ വിപണി തേടുകയാണ്. വിവിധ ലോക ഭാഷകൾ കൈകാര്യം ചെയ്യാൻ അതിനെ പ്രാപ്തമാക്കുന്ന പ്രവർത്തനങ്ങളും തുടങ്ങിക്കഴിഞ്ഞു.

# ക്രയോൺസ് ക്ലബ്






നവംബർ 26 ന് ലോക ഭിന്നശേഷി വാരാചരണത്തോടനു ബന്ധിച്ച് ജെ.ഡി.റ്റി ഇസ്ലാം ഹൈസ്കൂൾ ക്രയോൺസ് ക്ലബിന്റെ ആഭിമുഖ്യത്തിൽ ജെ.ഡി.റ്റി. ഓഡിറ്റോറിയത്തിൽ വച്ച് ചിത്ര രചനാ മൽസരം നടത്തി.ഭിന്ന ശേഷി വിദ്യാർത്ഥികളെ സമൂഹത്തിലും വിദ്യാലയങ്ങളിലും കൈകോർത്ത് പിടിക്കുക എന്ന ആശയത്തിലാണ് ചിത്ര ങ്ങൾ വരച്ചത്. മൽസരത്തിൽ വിജയിച്ച കുട്ടികളെ കോഴിക്കോട് മാനാഞ്ചി റയിൽ വെച്ച് ഡിസംബർ 2 ന് നടന്ന മൽസരത്തിൽ പങ്കെടുക്കുകയും ചെയ്തു.

## ചിത്രരചനാ ശിൽപശാല

ജെ.ഡി.റ്റി ഇസ് ലാം ഹൈസ്കൂൾ ക്രയോൺസ് ക്ലബിന്റെ ആഭി മുഖ്യത്തിൽ ചിത്രരചനാ ശിൽപശാല നടത്തി.വിദ്യാർത്ഥികളിലെ സർഗാത്മക കഴിവുകളെ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തിന് വേണ്ടിയാണ് ശിൽപശാല നടത്തിയത്. പരിപാടിയിൽ നൂറോളം വിദ്യാർത്ഥികൾ പങ്കെ ടുത്തു.




# SCIENCE CLUB

School science club was formed on June 6th 2019. Muhammed Fardeen was selected as the club convenor. Junaid of 9b and Navya of 8c were

selected as joint convenors. Club activities were chalk out and day celebrations were selected.

On June26thWorld Anti- Drugs Day was celebrated with poster making competition. Moon Day was celebrated on 17th August with painting and Quiz competitions. The winners were given prizes and chosen for higher level competition in the Regional Science Centre, Kozhikode.they participated in seminar competition-Topic Moon and Lunar Travel What We Learned Last Fifty Years. Students also participated in the workshop on space maths and making design aspects of space travel. U P students attented crayon competition.

Class wise Science Magazine competiton was conducted for IX std students on August19th and IXC class magazine was given first placeIXE got second place.The best articles from different science magazines were compiled and it participated in the Sub District science magazine competition.

A seminar competition was conducted in the school with the topic Waste management as source for rebuilt of Kerala, problem and remedies" and role of periodic table in the development of chemistry. Nasha Fathima of IXEwas selected as the winner and she went on to get first prize with A grade in the Sub district science fair conducted at C M C H S Elathur.

The students who got first and second place in the school level Sasthrolsavam in project, still model, working model, improvised experiments were taken to participate in the Chevayur sub district science exhibition at C MC H S Elathur.

World Aids Day was observed with a poster making competition and winners were selected and posters were exhibited on 2 December 2019. During the 1st week of December Planetarium visit was conducted for 6th std students.





# ഓണാഘോഷം

സുന്ദരിക്ക് പൊട്ട് തൊടൽ ,കുപ്പി ക്ക് വളയിടൽ, ഗോൾ ഗോൾ,പൂക്കളം,മെമ്മറി ടെസ്റ്റ് തുടങ്ങി ഒട്ടേറെ കലാ കായിക പരിപാടികൾ നടത്തി ക്കൊണ്ട് ഈ വർഷത്തെ ഓണാഘോഷം വിപുലമായി നടത്തി. ഉച്ചക്ക് സദ്യയും പായസവും എല്ലാ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും നൽകി പരിപാടികൾ സ്കൂൾ ഹെഡ്മാസ്റ്റർ ഇ അബ്ദുൾ ഗഫൂർ ഉദ്ഘാടനം ചെയ്തു. മുഴവൻ പി.ടി.എഅംഗങ്ങളും പരിപാടിയിൽ പങ്കെടുത്തു


REDMI NOTE 6 PRO
MI DUAL CAMERA


REDMI NOTE 6 PRO

# സാജിദ് ചോലയുടെ ചിത്രങ്ങൾ




REDMI NOTE 6 PRO


REDMI NOTE 6 PRO
MI DUAL CAMERA

**സാജിദ് ചോല**
ചിത്രകലാധ്യാപകൻ



# നന്ദി

ജെ. ഡി.റ്റി ഇസ്ലാം ഹൈസ്കൂൾ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളും
അതിന് നേതൃത്വം നൽകുന്ന അധ്യാപകരും അണിയിച്ചൊരുക്കിയ
ഒരു ഡി ജിറ്റൽ കലാ സൃഷ്ടിയാണിത്. ഈ കലാസൃഷ്ടിയെ തങ്ങളുടെ വാക്ചാരുതി
കൊണ്ടും കലാഭിരുചികൊണ്ടും ഭാവന കൊണ്ടും മനോഹരമാക്കിയ
പ്രിയ സഹപ്രവർത്തകർക്കും, വിദ്യാർത്ഥികൾക്കുംനന്ദി അറിയിക്കുന്നു.
അത് പോലെ തന്നെ ഈ മാഗസി ന്ശുഭാ ശംസകൾ നേർന്ന് കൊണ്ട്
അഭിസംബോധന ചെയ്ത ബഹുമാനപ്പെട്ട പ്രിൻസിപ്പൽ ഇ.അബ്ദുൽ കബീർ
സാറിനും,ഹെഡ്മാസ്റ്റർ ഇ.അബ്ദുൽ കബീർ സാറിനും
പ്രത്യേകം നന്ദി അറിയിക്കുന്നു.

കൈറ്റ് മാസ്റ്റർ